Mr. K. Achyuta Menon.—If it is a question giving grant-in-aid to the Ayurvedic Institutions here it is a question which has to be very seriously considered by the Government before arriving at any decision due regard being had to the several circumstances and considerations such as the qualification of the persons in charge of the institutions, whether they do hold diplomas, etc. But the question of increasing the number of Panchayat Vaidyasalas, I hope Government will be prepared to consider whenever funds permit.

Mr. P. J. Alexander.—In view of this assurance, I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

The demand under Ayurveda put and carried.

25—Public Health—Rs. 1,28,005.

Dr. E. S. R. Menon.— Sir, I rise to move for a grant of Rs. 1,28,005 under 25 Public Health, and I request the House to grant the amount without any deduction, so that even the one rupee may be utilised for the benefit of the people.

Motion No. 57.

Mr. Popatlal Goverdhan Lalan.— *To reduce the allotment of Rs. 3,162 for limitation works proper by Re. 1. (To acquaint the Government of the hardships the residents on Mattancheri road will be forced to face if the order for the removal of the latrines on the back water side is enforced.)*

ഈ കട്ടമോഷൻ വായിക്കുമ്പോൾതന്നെ വളരെ രസമുള്ളതും ചിരിയ്ക്കാനുള്ളതുമാണെന്ന നിഷ്കർഷക്കെല്ലാം തോന്നും. ഗവൺമെന്റിൽനിന്നും ഞങ്ങളോട് ഒരു വാക്കുപോലും ചോദിയ്ക്കാതെ മട്ടാഞ്ചേരി കടലോരങ്ങളിലുള്ള ലറ്റ്റീൻസ് എല്ലാം മാറുവാൻ കല്പനയുണ്ടായിട്ടുള്ളതു കാരണം പട്ടണശുചീകരണവിഷയത്തിൽ എത്രമാത്രം ദോഷമുണ്ടാകുമെന്നും, പട്ടണനിവാസികൾക്ക് എത്രത്തോളം കഷ്ടപ്പാടാണു വന്നുചേരുന്നതെന്നും, അതിനാൽ ഈ ഉത്തരവ് ആവശ്യമുള്ള ഒരു സംഗതിയാണോ എന്നും മറ്റുമുള്ള വിവരങ്ങൾ ഗവൺമെൻറിനെ ധരിപ്പിയ്ക്കുവാനാണ് ഞാൻ ഈ കട്ടമോഷൻ അവതരിപ്പിയ്ക്കുന്നത്. ഈ കൊച്ചീ കായലിന്റെ ഒരറ്റം തേവ്യൻ സമുദ്രത്തിലും, മറേറ അറ്റം തിരുവിതാംകൂറിലുള്ള വെമ്പനാട്ട കായലിലുമാണു ചേന്നിരിയ്ക്കുന്നത്. ഈ കൊച്ചീ കായലിൽ, പല പുഴകളിൽക്കൂടിയും മറ്റു ദിക്കുകളിൽ നിന്നുള്ള അഴുക്കുകൾ ചിലുവന്നുചേരുന്നുണ്ട്. എന്നാൽ ഈ കായലിൽ വന്നുചേരുന്ന അഴുക്കുകൾക്കു മുഖ്യകാരണം, കൊച്ചീ രാജ്യത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

മട്ടാഞ്ചേരി പട്ടണത്തിന്റെ കിഴക്കുഭാഗത്തു കെട്ടിയിരിയ്ക്കുന്ന കക്കൂസുകളാണെന്നും, അതുകൊണ്ട് അവയെല്ലാം നീക്കംചെയ്യേണ്ടതാണെന്നും പറയുന്നതിൽ അർത്ഥമില്ലെന്നാണു എനിക്കു തോന്നുന്നതു്. ഈ കൊച്ചീക്കായലിന്റെ എല്ലാഭാഗങ്ങളിലും പല തുരുത്തുകളുമുണ്ടു്. ആ തുരുത്തുകളിൽനിന്നുമുള്ള അഴുക്കുകളും ഈ കായലിലാണു് ഒലിച്ചു ചേരുന്നതു്. ഈ അഴുക്കുകളെല്ലാംകൂടി മട്ടാഞ്ചേരി പട്ടണത്തിനടുത്തു് ഒലിച്ചുവരുകയും, മട്ടാഞ്ചേരി പട്ടണത്തിലെ അഴുക്കുകൾ കായലിലേയ്ക്കു വിടാതെ ഞങ്ങൾമാത്രം നിബന്ധനകൾ അനുഭവിക്കേണ്ടതായും വരുന്നതായാൽ അതു വളരെ സങ്കടമാണു്. ഈ ഉത്തരവു് പരമാർത്ഥത്തിൽ പുറത്തുനിന്നും വരുന്ന മനുഷ്യർ നേരത്തേയ്ക്കു് മാത്രം ഇവിടെവന്നു കിടക്കുന്ന കപ്പൽക്കാർക്കു സൌകര്യം കൊടുക്കുവാനായിട്ടാണു പുറപ്പെടുവിച്ചിട്ടുള്ളതു്. ഇങ്ങിനെ കപ്പൽക്കാരെ മാത്രം ഉദ്ദേശിച്ചുകൊണ്ടു സ്ഥിരവാസക്കാരായ പട്ടണനിവാസികളെ എത്രമാത്രം കഷ്ടപ്പെടുത്തുന്നുവെന്നുള്ള സംഗതി അത്യാവശ്യമായിട്ടാലോചിയ്ക്കണം. ഇപ്രകാരം പുഴകളിൽക്കൂടി ഒലിച്ചുവരുന്ന എല്ലാ അഴുക്കുകളേയും മട്ടാഞ്ചേരി പട്ടണത്തിനടുത്തു കൊണ്ടുവന്നു കൂട്ടണമെന്നുവന്നാൽ വളരെ കഷ്ടമാണു്. സാധാരണയായി എപ്പോഴും പുഴകളിൽ ഏറ്റവും ഇറക്കവും ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നതു നിമിത്തം മട്ടാഞ്ചേരി കടവു് ഭാഗങ്ങളിലല്ലാതെ ഈ അഴുക്കുകൾ ഒരിടത്തും തങ്ങി നിൽക്കുകയില്ല. കടലിലായാലും പുഴയിലായാലും സ്വാഭാവികമായി നോക്കിയാൽ ഈ അഴുക്കുകളെല്ലാം ഞങ്ങളുടെ കരഭാഗങ്ങളിൽ കൊണ്ടുവന്നു തള്ളുകയല്ലാതെ ഒരിയ്ക്കലും നടപുഴയിൽ നില്ക്കുവാറില്ല. അതുകൊണ്ടു കപ്പൽക്കാർക്കു് ഒരുതരത്തിലും ബുദ്ധിമുട്ടുണ്ടാകുവാൻ അവകാശമില്ല. കപ്പലുകളിലും ലാറ്റ്റീൻസ് ഉണ്ടു്. അതിലെ അഴുക്കുകളും ഈ പുഴയിലാണു ചേരുന്നതു്.

കൊച്ചിയിലെ വാണിജ്യകേന്ദ്രമായ മട്ടാഞ്ചേരിയിൽ വന്നുപോകുന്നവർക്കു് എന്നതന്നെയല്ല; അവിടെയുള്ള ജോലിക്കാർക്കും ഉപയോഗിയ്ക്കുവാൻവേണ്ടി ലാറ്റ്റീൻസ് ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്. അതു കഴിയുന്നതും സബ്ബ് സെറിൽമെന്റു തുടങ്ങുന്നതിനു മുമ്പുതന്നെ വേണം. അതിലേയ്ക്കു് ഒരു കെട്ടിടം കെട്ടുവാനും ഗവർമ്മെന്റോ, മുനിസിപ്പാലിറ്റിയോ അനുവദിയ്ക്കുന്നില്ല. അവർ ആദ്യം ചോദിയ്ക്കുന്നതു് കെട്ടിടംകെട്ടുവാൻ സ്ഥലമുണ്ടോ എന്നാണു്. ഇതിനുമുമ്പു് അവിടെയുള്ള കെട്ടിടങ്ങളുടെ പ്ലാൻ അനുസരിച്ചു് അതാതു സ്ഥലങ്ങളിൽ കെട്ടിയിരുന്നു. അതിപ്പോൾ ആ സ്ഥാനങ്ങളിൽനിന്നും മാറണമെന്നുവന്നാൽ വേറെ ആ പട്ടണത്തിൽ എങ്ങും അവ കെട്ടുവാൻ നിവൃത്തിയുണ്ടായിരിയ്ക്കയില്ല.

മട്ടാഞ്ചേരിയിലുള്ള ആളുകളുടെ ബുദ്ധിമുട്ടുകൾ എത്രത്തോളമാണെന്നു ഷെറിബഞ്ചിൽ ഇരിയ്ക്കുന്ന മാന്യന്മാർ ഒരുമാസം അവിടെ വ

LIBRARY ARCHIVES Kerala Legislative Assembly

ന്ന താമസിച്ചാലേ അവക്ക് മനസ്സിലാകയുള്ളൂ. അതിനുള്ള മനസ്സ് അവക്കില്ല. പാൽ കറന്നുകുടിച്ചു ശക്തിവയ്ക്കുകയല്ലാതെ യാതൊരു ബുദ്ധിമുട്ടും അവക്കറിയണ്ടാ. കായലോരങ്ങളിൽ ഉള്ള ലറ്റ് റീൻസ് എല്ലാം ഇപ്പോൾ ഗവമ്മെൻറു നിരുത്തുവാൻ പോകുന്നുണ്ട്. എന്നാൽ അറബിക്കടലിൽ നിന്നോ, എറണാകുളം, വെണ്ടുരുത്തി, ബ്രീട്ടീഷ് കൊച്ചി ഇവിടങ്ങളിൽ നിന്നോ വരുന്ന അഴുക്കുകളെ തടയുവാൻ ഗവമ്മെൻറു വിചാരിച്ചാൽ സാധിക്കുമോ? അതുകൊണ്ട് ഏതോ ഒരു ശക്തിയുടെ പക്കൽനിന്നു യുക്തിഹീനമായി എഴുതിവന്നപ്പോൾ നമ്മുടെ ബഹുമാനപ്പെട്ട ഗവമ്മെൻറ് അതിനോടൊപ്പം അവരുടെ ശക്തിയായ പേന ഉപയോഗിക്കുവാൻ വിചാരിക്കുന്നു. അങ്ങിനെയുള്ള ശക്തിയായ പേന ആലോചനയില്ലാതെ ഒരിക്കലും ഉപയോഗിക്കരുതേ എന്നു ഞാൻ ഗവമ്മെൻറിനോടു വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു. വലിയ ശക്തിയുള്ള സ്ഥലത്തുനിന്നു വല്ലതും എഴുതിവരുമ്പോൾ അതനുസരിച്ചു ഗവമ്മെൻറു തീരെ ദയവില്ലാതെ പ്രവൃത്തിച്ചാൽപോലും ഒരു കാര്യം പ്രത്യേകം ആലോചിയ്ക്കണം. ഇപ്പോഴുള്ള ലറ്റ് റീൻസ് കായലോരത്തുനിന്നും മാറുകയാണെങ്കിൽ തീർച്ചയായും വേറെ ലറ്റ് റീൻസ് കെട്ടുവാൻ അവിടെ സൌകര്യമുള്ള സ്ഥലം ഉണ്ടോ? അഥവാ അങ്ങിനെ വല്ല സൌകര്യങ്ങളും ചെയ്യുന്നുണ്ടെങ്കിൽ സ്കാവഞ്ചിംഗ് നടത്തുവാനുള്ള മാർഗ്ഗം ക്രടിയുണ്ടോ? എന്നും സ്ഥലസ്ഥിതി അനുസരിച്ചു പരിശോധിക്കേണ്ടതാണു്.

മുമ്പു് കടത്തുകളിൽ ലറ്റ് റീൻ ഇല്ലാതെയാണിരുന്നതു്. ഇപ്പോൾ അവിടേയ്ക്രടി വച്ചിട്ടുണ്ട്. എല്ലാംക്രടിയായാൽ അവിടെ പ്ലേഗ മാത്രമല്ല; വേറെ എന്തെല്ലാമാണു വരാനിടയുള്ളതെന്നു നിശ്ചയമില്ല. അതുകൊണ്ടു് ഈ കാര്യത്തിൽ നമ്മുടെ ബഹുമാനപ്പെട്ട ഗവമ്മെൻറിന്റെ അഭിപ്രായമെന്താണെന്നറിഞ്ഞതിനുശേഷം വേണം ബാക്കിയുള്ളതു പറയുവാൻ എന്നു വിചാരിയ്ക്കുന്നു.

Dr. E. S. R. Menon.—The Government regret that they cannot accept the motion. I can assure the Hon'ble Member that every facility will be given for scavenging. Trenching ground will also be opened. That is the only assurance that I can give.

മിസ്റ്റർ പോപ്പുറുലാൽ ഗോവർദ്ധനലാലൻ.— അവിടെ ക്രക്കുസു കെട്ടുവാനോ സ്കാവഞ്ചിംഗു നടത്തുവാനോ വേണ്ടി ഗവമ്മെൻറ് ഇതുവരെ സൌകര്യം തുടങ്ങീട്ടില്ല. അവിടത്തെ സ്ഥിതികളൊന്നും ശരിയായി കണ്ടു മനസ്സിലാക്കാതെ കണ്ണടച്ചു് ഗവമ്മെൻറിൽനിന്നും കല്പന മാത്രം അയയ്ക്കാമെന്നു വിചാരിച്ചാൽ അതു വളരെ സങ്കടമാണു്. അവിടെ എത്ര ജനങ്ങളാണു് അന്യദിക്കുകളിൽനിന്നു വരുന്നതു്! അവ

LIBRARY ARCHIVES Kerala Legislative Assembly

ക്കും മലമൂത്രവിസർജ്ജനം ചെയ്യുവാനുള്ള യാതൊരു സൌകര്യവുമില്ല. അതുപോലെതന്നെയാണ് മട്ടാഞ്ചേരി പട്ടണനിവാസികളും ബുദ്ധിമുട്ടനുഭവിയ്ക്കുന്നതു്. ഞാൻ മുനിസിപ്പൽ കൌൺസിലറായിരിയ്ക്കുമ്പോൾ ൻ. ലറ്റ്റീൻസു വേണമെന്നു പ്രമേയം പാസാക്കി ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. അതിൽ ഒന്നുപോലും ഇതുവരെ കെട്ടുവാൻ സാധിച്ചിട്ടില്ല. ഇപ്പോൾ ഫെറി ജെട്ടിയ്ക്കടുത്തു് ഒരു ലറ്റ്റീൻ കെട്ടിയിട്ടുണ്ടെന്നു തോന്നുന്നു.

Dr. E. S. R. Menon.—The attention of the Chairman has been drawn to this fact and Government will do everything for the introduction of public latrines. They will give every facility to the people of Mattanchery.

മിസ്റ്റർ പോപ്പറുലാൽ ഗോവർദ്ധനലാലൻ.— ഈമാതിരിയുള്ള പബ്ളിക് ലറ്റ്റീൻസ് കെട്ടണമെന്നു വിചാരിക്കയാണെങ്കിൽ ഒന്നാമതായി മട്ടാഞ്ചേരി പട്ടണത്തിലെ ജനസംഖ്യയെത്ര; പുറത്തുനിന്നും അവിടെ വരുന്ന ജനങ്ങളെത്ര; അവിടെ ലറ്റ്റീൻസു കെട്ടുവാനുള്ള തുറസ്സായ സ്ഥലങ്ങളുണ്ടോ; അഥവാ കെട്ടിയാലും അതുകൊണ്ടു ജനങ്ങൾക്ക് ഉപയോഗിയ്ക്കുവാൻ സാധിയ്ക്കുമോ എന്നു കാര്യങ്ങൾ ആലോചിയ്ക്കണം. ഇതൊന്നുമില്ലാതെ ജനങ്ങൾക്കു് ഉപയോഗപ്പെടാൻ നിവൃത്തിയില്ലാതെ കെട്ടിയിട്ടു് അവരുടെ ആരോഗ്യത്തെ നശിപ്പിയ്ക്കുവാനാണോ ആലോചന? അതുകൊണ്ടുവരുന്ന ദോഷം ചില്ലറയല്ല. അതു് ആ പട്ടണത്തിനുതന്നെ ഹാനികരമായിട്ടാണു തീരുന്നതു്. എത്ര ജനങ്ങളാണു് ബോട്ടുവഴിയ്ക്കും റയിൽവഴിയ്ക്കും അവിടെവന്നു ചേരുന്നതു്. മലമൂത്രവിസർജ്ജനം ചെയ്യേണ്ടവക്കു് എന്തു ശിക്ഷ കല്പിച്ചാലും അവക്കു് അതിനെ തടയുവാൻ സാധിയ്ക്കുകയില്ല. നിയമപ്രകാരം എന്തെല്ലാം തടസ്ഥങ്ങളാണു മട്ടാഞ്ചേരിക്കാർ അനുഭവിയ്ക്കുണ്ടിവരുന്നതു്. ഇതെല്ലാം അറിയണമെങ്കിൽ അവിടെവന്നു് ഉദ്യോഗസ്ഥന്മാർ എട്ടുപത്തു ദിവസം താമസിച്ചാലേ സാധിയ്ക്കയുള്ളൂ. അല്ലാതെ കാറിലോ റിക്ഷാവണ്ടിയിലോ കയറി ഒരു മണിക്കുറോ അരമണിക്കുറോ അതുവഴി പോയതുകൊണ്ടു പ്രയോജനമില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട ഗവൺമെൻറു് പട്ടണത്തിൻെറ കാര്യം ആലോചിയ്ക്കാതെ ഒന്നും ചെയ്യരുതു്. ബാക്കിയിൽക്കൂടി ഇതുമും ബുദ്ധിമുട്ടില്ല.

Motion put and lost.

LIBRARY ARCHIVES Kerala Legislative Assembly

Mr. Popatlal Goverdhan Lalan.— I want a poll, Sir,

Ayes.	Noes.
1. Mr. K. Ayyappan.	1. Mr. V. K Aravinadaksha Menon
2. ,, T. S Balarama Iyyer.	2. ,, K. Achyuta Menon.
3. ,, E. P. Bhaskara Menon.	3. ,, M. P. Cherian.
4. ,, M. V. Cherian.	4. ,, K. Krishna Warriar.
5. ,, P. Govinda Menon.	5. ,, V. S. Krishnan Vaidyar.
6. ,, K. M. Ibrahim.	6. Sreemathy P. Meenakshikutty Amma.
7. ,, E Ikkanda Warier.	7. Mr. I. N. Menon.
8. ,, C. R. Iyyunni.	8. ,, K. Narayana Menon.
9. ,, V. K. Kadir Kutty.	9. ,, P. Neelakanta Menon.
10. ,, Shabdai S. Kode.	10. ,, Dr. D. Raghavendra Rao.
11. ,, V. K. Krishnankutty.	11. Rama Varmha Tampuran.
12. ,, K. M. Kunhi Moideen.	12. Mr. M. A. Sankunni.
13. ,, Popatlal Goverdhan Lalan	13. Dr. E. S. R. Menon.
14. ,, P. Raman Menon.	14. Miss. D'Souza.
15. ,, K S. Panikkar.	15. Mr. P. V. Subramania Ayyar.
16. ,, C. P. Lonappan	16. ,, Thomas Manjuran.
	17. ,, C. S. Viswanathan Chetty.
	18. ,, H. J. Walmesly.

Mr. President— 16 for, 18 against. The motion is therefore lost.

Mr. Popatlal Goverdhan Lalan.—On a point of order. Sir, I request the President to kindly ask them to stand up. I think my motion will be carried.

Mr. President:- I cannot allow a second poll being taken.

Motion No 58.

Mr. M. V. Cherian.— *To reduce the allotment of Rs. 3,162 for Mattancheri Town improvement by Re. 1. To impress upon the Government the great desirability of reviving the canal drainage system now in disuse in Mattancheri and to make the canal navigable.*

Sir, my point is this: Now, in the budget it is shown—Mattancheri Town Improvement Scheme—and at page 134 in the description of the works, it is said it is for the maintenance of trunk roads. My only doubt is whether the Mattanchery Town Improvement Scheme consists of only this maintenance of trunk roads. Of this amount Rs. 3,162 has been allotted for the maintenance of the trunk roads in Mattanchery. My only desire is to impress upon the House that there are a lot of canals in the interior part of Mattanchery that

LIBRARY ARCHIVES Kerala Legislative Assembly

could be made navigable for internal communications and country crafts can ply through them provided they are improved.

If these canals are improved, it will achieve another object as well. Now, these canals are filled up with silt and dirt and they are mosquito-breeding places and Cochin is rampant with filarial fever and other diseases and if these canals are improved, to a certain extent these mosquitos and other things will fly away from Cochin and that will improve the town very much.

Then, as I submitted, the communications also can be improved. Then, if the importance of these communications is considered, Sir, I beg to submit that the communications extend so far as the southernmost extremity of the Cochin Kanayannur Taluk, viz., Chellanam. If these canals are made navigable, even in monsoon times small *vanchis* can go to Cochin through internal canals alone. On the northern extremity of Mattanchery we have got an opening from the back-water. Then in the place called Rameswaram, there is another opening from the backwater. At Palluruthi, there is another opening. There is another opening at Edacochy. Therefore, these canals can be made very comfortable and very convenient outlets for carrying on communications. I submit that the Government may look into the matter, prepare a scheme and take up the matter immediately.

മിസ്റ്റർ പോപ്പറുലാൽ ഗോവർദ്ധനലാലൻ.— ഈ കട്ടമോഷൻ തന്നെ മട്ടാഞ്ചേരിയുടെ കാര്യത്തിലും ഇവിടെ അവതരിപ്പിച്ചിട്ടുള്ളതുകൊണ്ട് ഇതിനെ പിൻതാങ്ങുവാൻ എനിയ്ക്കു കടമയുണ്ട്. സാനിട്ടേഷന്റെ കാര്യത്തിൽ ഇതു ഞങ്ങൾക്കും ആവശ്യമായതുകൊണ്ട് ഇതിനെ പിൻതാങ്ങുവാൻ എനിയ്ക്കു കൂടുതൽ സന്തോഷവുമുണ്ട്.

മട്ടാഞ്ചേരിയിലുള്ള തോടുകൾ ഈ നിലയിൽതന്നെ ഇരിയ്ക്കുകയാണെങ്കിൽ അടുത്തു താമസിക്കുവാൻ പോകുന്ന ആശുപത്രിയിൽ എത്രത്തോളം രോഗികൾ വർദ്ധിച്ചുവരുമെന്നുള്ള കാര്യം ആലോചിയ്ക്കേണ്ടതു് അത്യാവശ്യമാണ്. ഇങ്ങിനെ ശൂന്യമായി കിടക്കുന്ന ആ തോടുകളെ പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽനിന്നോ അല്ലെങ്കിൽ മെഡിയ്ക്കൽ ഡിപ്പാർട്ടുമെൻറിൽനിന്നോ ദയവുചെയ്തു് ഒന്നു പരിശോധിച്ചു് ന്യായമായ ഒരു സർട്ടിഫിക്കറു് എഴുതി തരേണ്ടതാണ്. പ്രധാനമായി ഉൾഭാഗങ്ങളിലുള്ള അഴുക്കുകളെ പുറത്തുകൊണ്ടുപോകുവാനും ഗതാഗതസൗകര്യത്തിനും ആദായത്തിൽ സാമാനങ്ങൾ കൊണ്ടുപോകുവാനും ഉള്ള ആവശ്യത്തിനുവേണ്ടിയാണു് ഈ തോടുകൾ ഉണ്ടാക്കീട്ടുള്ളതു്. എന്നാൽ ഇപ്പോൾ ഈ തോടുകളുടെ സ്ഥിതിനോക്കിയാൽ അഴുക്കുവെള്ളം കെട്ടിനിന്നു് ദുർഗ്ഗന്ധപൂർണ്ണമായും പുഴുക്കളും മറ്റുള്ള പ്രാണികളെല്ലാമുണ്ടായി ജനങ്ങളുടെ ആരോഗ്യത്തെ നശിപ്പിയ്ക്കുന്നതുക്കവിധത്തിലുമാ

LIBRARY ARCHIVES Kerala Legislative Assembly

ണ കാണുന്നത്. ഇതിനു കാരണം എന്താണെന്നുവച്ചാൽ ഞങ്ങളുടെ മുനിസിപ്പാലിറ്റിയിൽ നോട്ടകം നന്നാക്കിവയ്ക്കുവാനും പട്ടണശുചീകരണത്തിനും ആവശ്യമുള്ള പണമില്ലാത്തതുകൊണ്ടുതന്നെയാണ്. എന്റെ ഓർമ്മയിൽ ദിവാൻ മിസ്റ്റർ ബാനർജിയുടെ കാലത്തു് മട്ടാഞ്ചേരി മുനിസിപ്പാലിറ്റിയിൽനിന്നും ഈ കനാൽസ്കീം മുഴുവൻ സർവ്വെ ചെയ്യുകയുണ്ടായി. അതിനുശേഷം കനാൽസ്കീം കാലക്രമത്തിൽ വർദ്ധിപ്പിച്ചു വർദ്ധിപ്പിച്ചുകൊണ്ടുവന്നു് കൂടുതൽ പ്രയോജനപ്പെടത്തക്കവണ്ണം ഗവർമ്മെൻറു് വേണ്ടതു ചെയ്തിരുന്നുവെങ്കിൽ അതു് ജനങ്ങൾക്കു വളരെ ഉപകാരപ്രദമായിരിയ്ക്കുമായിരുന്നു. പക്ഷേ എന്റെ അഭിപ്രായത്തിൽ മട്ടാഞ്ചേരി പട്ടണത്തിലുള്ള ശുചീകരണം ഗവർമ്മെൻറിന്റെ ദൃഷ്ടിയിൽപെട്ടു് അതുമൂലം അവർക്കു കൂടുതൽ ഗുണകരമാക്കുവാൻ സാധിയ്ക്കുമോ എന്നു സംശയമാണ്. ബഡ്ഡറു നോക്കിയാൽ തീർച്ചയായും പാൽ കറന്നു കുടിയ്ക്കുവാൻ മാത്രമല്ലാതെ പശുവിനു തീറ്റകൊടുക്കുവാൻ ഉദ്ദേശിച്ചിട്ടില്ലെന്നു കാണാം. പക്ഷേ പശുക്കൾ ആരോഗ്യത്തോടുകൂടിയിരുന്നാൽ എന്നും പാൽകറന്നു കുടിയ്ക്കാമെന്നുള്ള ഉദ്ദേശം അവക്കില്ല. അതുകൊണ്ടു് ദയവുചെയ്തു മേലുദ്യോഗസ്ഥന്മാർ അവിടെവന്നു് "ആ സപ്തശോകത്തെ" ഒന്നു കണ്ടിട്ടെങ്കിലും കൂടുതൽ ആരോഗ്യപ്രദമായ പട്ടണമാക്കി തീർത്താൽ കൊള്ളാം എന്നപേക്ഷിയ്ക്കുന്നു.

Mr. E. P. Bhaskara Menon.— Sir, with respect to a congested town like Mattancheri with a very thick and close population I have only one request to make to the Government. Either fill up all these canals or see that they contain flowing water. Let there be no stagnation. Of course, there is no necessity for me to teach any of the health officers about the necessity of avoiding stagnation. So, I only suggest this alternative method, viz. either to fill them up or see that there is flowing water, so that stagnation is as far as possible avoided.

മിസ്റ്റർ കെ. അയ്യപ്പൻ.— സർ, മട്ടാഞ്ചേരിയിലെ കനാൽ നാവികഗതിക്കുന്ന കാര്യത്തിൽ—അവിടെ കച്ചവടസംബന്ധമായ പ്രാധാന്യമുണ്ടെങ്കിലും—വേറെ ഒരു കാര്യംകൂടി ഗവർമ്മെൻറു ശ്രദ്ധിയ്ക്കണം. മട്ടാഞ്ചേരിയ്ക്കടുത്തു് വേനൽക്കാലത്തു് ഉപ്പുവെള്ളം കയറി നശിയ്ക്കുന്ന നിലങ്ങൾ ധാരാളമുണ്ട്. അവരുടെ സങ്കടങ്ങൾ ഗവർമ്മെൻറിനോടു പറയുവാൻ തുടങ്ങീട്ടു വളരെക്കാലമായി. ബ്രിട്ടീഷു ഗവർമ്മെൻറുമായി ഏതാണ്ടു് എഴുത്തുകുത്തുകൾ നടത്തേണ്ട കാര്യമുള്ളതുകൊണ്ടാണെന്നു തോന്നുന്നു ഗവർമ്മെൻറിന് ഈതിൽ യാതൊന്നും ചെയ്യുവാൻ സാധിയ്ക്കാത്തതു്. അതുകൊണ്ടു് മട്ടാഞ്ചേരിയിലെ കനാൽ നന്നാക്കുമ്പോൾ ഈ കാര്യവുംകൂടി ഗവർമ്മെൻറു ശ്രദ്ധിയ്ക്കണം. സാനിട്ടേഷനെ ഉദ്ദേശിച്ചാണെ

LIBRARY ARCHIVES Kerala Legislative Assembly

കിൽ ബഹുമാനപ്പെട്ട പള്ളിപ്പുറം മെമ്പർ പറഞ്ഞതുപോലെ റോഡുണ്ടാക്കിയാൽ മതി. നിലം ഉപ്പുവെള്ളംകയറി നശിയ്ക്കുന്ന കാര്യത്തിൽ ഗവൺമെൻറു ശ്രദ്ധിയ്ക്കാതിരിയ്ക്കുന്നതെന്ന മാത്രമാണ് എനിയ്ക്കു പറയുവാനുള്ളത്.

Mr. M. V. Cherian.— On a point of Information, Sir. എവിടെയാണു നിലമുള്ളത്?

മിസ്റ്റർ കെ. അയ്യപ്പൻ.— പണ്ടാരച്ചിറയിൽ.

മിസ്റ്റർ എം. വി. ചെറിയാൻ.— പണ്ടാരച്ചിറയിൽ ഒരു ബണ്ട് ഉണ്ട്. ആ ബണ്ടു കഴിഞ്ഞുവരുന്ന ഭാഗത്തെക്കുറിച്ചാണു പറയുന്നത്.

മിസ്റ്റർ കെ. അയ്യപ്പൻ.— റവന്യൂ മെമ്പക്ക് മുമ്പ് അതിലേയ്ക്കു വേണ്ടി നിവേദനങ്ങൾ നടത്തീട്ടും ഒന്നും ചെയ്യുവാൻ സാധിച്ചിട്ടില്ല. നിലത്തിൽ വെള്ളം കടക്കാതിരിയ്ക്കുവാൻ എന്തെങ്കിലും ഏർപ്പാടുകൾ ചെയ്യുന്നതിൽ മുനിസിപ്പാലിറ്റിയ്ക്കു വിരോധമില്ലെങ്കിൽ അദ്ദേഹം ചെയ്യാമെന്നാണ് എന്നോടു പറഞ്ഞിട്ടുള്ളത്.

Dr. E. S. R. Menon.— Sir, the question of improving the Mattanchery Town has been engaging the attention of the Government. The Municipal Council submitted a report to the Government and the Government have appointed a Committee consisting of the Diwan Peishkar as the Chairman, the Chief Medical Officer and the Director of Public Health as members. They submitted a detailed report regarding the improvements to the Mattanchery Town. These questions have been carefully gone into in that report and it is under the consideration of the Government.

Mr. M. V. Cherian.— Sir, I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

Motion No. 59.

Mr. P. C. Varkey.— *To reduce the allotmnet of Rs. 3,381 for Ernakulam Town Improvement Scheme by Rs. 100. (To discuss about the necessity of giving more liberal contribution towards the improvement of the Ernakulam Town and about the necessity of inaugurating a well-thought-out scheme for improving Ernakulam Town.)*

സർ, എന്റെ ബഡ്ജറ്റു പ്രസംഗത്തിൽ എറണാകുളം പട്ടണത്തിന്റെ ദയനീയമായ സ്ഥിതിയെപ്പറ്റി വിശദീകരിച്ചു പ്രസ്താ

LIBRARY ARCHIVES Kerala Legislative Assembly

വിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും എറണാകുളം വടക്കെ നിയോജകമണ്ഡലത്തിലെ യഥാസ്ഥിതിയെക്കുറിച്ചും ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു. എറണാകുളം പട്ടണത്തിന്റെ ആകപ്പാടെയുള്ള സ്ഥിതി ആലോചിച്ചാൽ ഒരു നടിയുടെ മുഖംപോലെയാണു കാണുന്നതെന്നു പറയുന്നതിൽ വലിയ അതിശയോക്തിയൊന്നും ഉണ്ടെന്നു തോന്നുന്നില്ല. കൊച്ചി തുറമുഖത്തിൽ നിന്നോ, അല്ലെങ്കിൽ ഈ കായലിന്റെ ഏതെങ്കിലും ഭാഗത്തുനിന്നോ നോക്കിയാൽ എറണാകുളം പട്ടണത്തിന്റെ മുഖം സാമാന്യം സൗന്ദര്യമുള്ളതുപോലെ തോന്നും. കറുത്തിരുണ്ട് വിരൂപിണിയായ ഒരു നടിയുടെമുഖത്തു് ചായംതേച്ചും, വേഷംധരിച്ചും മോകയായിട്ടതന്നെ അവർ രംഗപ്രവേശം ചെയ്താലും അവളുടെ മുഖം മിനുക്കിയുള്ള ഭാഗങ്ങൾ എത്ര വിരൂപമായിരിയ്ക്കുന്നുവോ ആ നിലയിലാണ് എറണാകുളം പട്ടണത്തിലെ ഇതരഭാഗങ്ങൾ. അതു് ഈ സഭയുടെ അംഗങ്ങളിൽ എല്ലാവർക്കും അറിയുവാനിടവന്നിട്ടില്ല. അവർ എറണാകുളത്തുവന്നാൽ അധികവും ഈ ഭംഗിയുള്ള ഭാഗത്താണു താമസിയ്ക്കുന്നതു്.

എറണാകുളം പട്ടണമെന്നു പേരുപറയുന്നതു് തേവരമുതൽ പച്ചാളംവരെയുള്ള ഭാഗത്തിനാണു്. അതിന്റെ പടിഞ്ഞാറെ തീരഭാഗങ്ങൾ വളരെ ഭംഗിയുള്ളതായിട്ടു തോന്നുന്നുണ്ടെങ്കിലും ഉള്ളിലേയ്ക്കു കടന്നാൽ ഒരു ഗ്രാമത്തിന്റെ നിലയല്ലാതെ വളരെ ഭേദപ്പെട്ട സ്ഥിതിയല്ല അവിടെ ഉള്ളതെന്നു് ബഹുമാനപ്പെട്ട മെമ്പർമാർ ഒരിയ്ക്കൽ ആ ഭാഗത്തു സഞ്ചരിച്ചാൽ കാണാവുന്നതാണു്. അങ്ങിനെയൊന്നു സഞ്ചരിച്ചു നോക്കാൻ ആരും തുനിയുകയില്ലെന്നു് എനിയ്ക്കറിയാം. ബഹുമാനപ്പെട്ട മെമ്പർമാരെ എട്ടോ പത്തോ മോട്ടോർകാറുകളിൽ കയറ്റിക്കൊണ്ടുപോയി വടക്കൻ എറണാകുളം ഒന്നു കാണിക്കാമെന്നു വിചാരിച്ചാലും റോഡുകൾ വേണ്ടതു ഇല്ലാത്തതിനാൽ അതിനും നിവൃത്തിയില്ല. ഏറോപ്ലെയിൻതന്നെ വേണം. അതിവിടെ കിട്ടുകയുമില്ല. ഇതാണു് എറണാകുളം പട്ടണത്തിന്റെ ഉത്തരഭാഗത്തെ യഥാർത്ഥസ്ഥിതി. ഇതെല്ലാം ഗവൺമെന്റിനു നല്ലവണ്ണമറിയാമെന്നുവരികിലും വളരെക്കാലമായി എറണാകുളം പട്ടണത്തെ പരിഷ്കരിയ്ക്കുവാനോ, അതിന്റെ നിലയെ അല്പമെങ്കിലും ഭേദപ്പെടുത്തുവാനോ ഗവൺമെന്റിൽനിന്നും കായ്മായ യാതൊരു ശ്രമങ്ങളും ചെയ്തുവരുന്നില്ലെന്നു സവ്യസനം പറയേണ്ടിയിരിക്കുന്നു.

എന്റെ നിയോജകമണ്ഡലത്തെപ്പറ്റി പറയുകയാണെങ്കിൽ എറണാകുളം പട്ടണത്തിന്റെ പകുതിയിൽ അധികം അടങ്ങിയിട്ടുള്ളതാണതു്. എറണാകുളം പട്ടണത്തിലെ ജനസംഖ്യ നൂറ്റൻപതിനായിരത്തോളം ഉണ്ടു്. എന്നാൽ എന്റെ നിയോജക മണ്ഡലത്തിൽ പതിനെണ്ണായിരത്തിമുപ്പത്തിനാലു ജനങ്ങളാണു് അധിവസിയ്ക്കുന്നതു്. വിസ്താരംകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

നോക്കിയാലും എറണാകുളം പട്ടണത്തിന്റെ ഒ/ന ഭാഗം അടങ്ങിയ ഒരു അംശമാണ് എന്റെ നിയോജകമണ്ഡലം. ഇങ്ങിനെയെല്ലാമിരുന്നിട്ടും അവിടത്തെ സ്ഥിതി ഏറ്റവും ദയനീയവും ഗവമ്മെണ്ടിന്നും മുനിസിപ്പാലിറ്റിക്കും ലജ്ജാകരവുമായിട്ടാണിരിക്കുന്നത്. റോഡുകളുടെ അഭാവം നിമിത്തം പലപ്പോഴും വീടുകളിൽനിന്നും പുറത്തിറങ്ങിയാൽ പരാശ്രയംകൂടാതെ മറ്റൊരിടം പോകുവാൻ സാധിയ്ക്കാതെവരുന്നുണ്ട്. ഇപ്പോൾ എറണാകുളം പട്ടണത്തിനു വലിയൊരു അനുഗ്രഹമായിതീർന്നിട്ടുള്ള ആലുവാവെള്ളംപോലും കിട്ടാത്ത ആളുകൾ എന്റെ നിയോജകമണ്ഡലത്തിൽ ധാരാളമുണ്ട്. കൊച്ചി രാജ്യത്തിന്റെ തലസ്ഥാനമായ എറണാകുളം പട്ടണത്തെ ഇതു ദയനീയമായ നിലയിൽ ഗവമ്മെൻറ് ഇട്ടുകൊണ്ടിരിക്കുന്നതു ലജ്ജാവഹമാണെന്നും അന്യായമാണെന്നും എത്രതവണ പറഞ്ഞാലും അധികമാകുന്നതല്ലാ. ഇതിനുമുമ്പു് ഈ പട്ടണത്തെ പരിഷ്കരിയ്ക്കുവാൻ പല പ്രമേയങ്ങളും ഇവിടെ പാസായിട്ടുണ്ടെങ്കിലും അവയൊന്നും അനുഭവത്തിൽ വരാതെ തേഞ്ഞുമാഞ്ഞു പോകുകയാണു ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് ഒരിക്കൽക്കൂടി ഈ കാര്യത്തിൽ ഗവമ്മെൻറിന്റെ ശ്രദ്ധയെ ക്ഷണിയ്ക്കുവാനാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

പട്ടണപരിഷ്കരണം മുനിസിപ്പാലിറ്റിയിൽനിന്നും കുറെ എല്ലാം ചെയ്യുവരുന്നുണ്ടെങ്കിലും മുനിസിപ്പാലിറ്റിയ്ക്കു വേണ്ടിടത്തോളം ഫണ്ടില്ലാത്തതു നിമിത്തം പൌരന്മാരുടെ ആവശ്യങ്ങൾ നിർവ്വഹിയ്ക്കുവാൻ നിവൃത്തിയില്ലാതെ വിഷമിയ്ക്കുന്ന വസ്തുത എനിയ്ക്കറിയാം. ഇതിനു മുമ്പു് സർ ബാനർജി, സർ, ടി. വിജയരാഘവാചാരി എന്നിവർ ദിവാൻജിമാരായിരുന്ന കാലത്തു് പട്ടണപരിഷ്കരണത്തിനുവേണ്ടി വലിയ തുകകൾ ബഡ്ജറ്റിൽ കൊള്ളിച്ചുവന്നിരുന്നു. എന്നാൽ അടുത്തകാലത്തു് ഗവമ്മെൻറിന്റെ നയം ഒന്നു ഭേദപ്പെട്ടതിനി മുനിസിപ്പാലിറ്റികൾതന്നെ പട്ടണപരിഷ്കരണത്തിനു വേണ്ട പണം ഉണ്ടാക്കി വിനിയോഗിച്ചുകൊള്ളട്ടെ എന്നാക്കീട്ടുണ്ടു്. ആ നയം ഇപ്പോഴും അനുവർത്തിച്ചുവരികയാണു ചെയ്യുന്നതു്. അതു് പട്ടണവാസികളോടു ചെയ്യുന്ന വലിയൊരു നീതികേടാണെന്നു് എറണാകുളം തെക്കെ നിയോജകമണ്ഡലത്തിലെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസ്താവിയ്ക്കുകയുണ്ടായി. കൊച്ചീ രാജ്യത്തെ ഗ്രാമപ്രദേശങ്ങളിലുള്ള ജനങ്ങൾക്കു് ആളൊന്നുക്കു ര ണ. ൻ പൈ വീതം റോഡുകൾക്കായി ഗവമ്മെൻറു് അനുവദിച്ചുകൊടുക്കുന്നുവെന്നും മറ്റുമുള്ള ചില കണക്കുകൾ അദ്ദേഹം ഇവിടെ ഉദ്ധരിയ്ക്കുകയുമുണ്ടായി. എന്നാൽ പട്ടണവാസികളുടെ കാര്യത്തിൽ ഗവമ്മെൻറു യാതൊന്നും ചെയ്യുകയില്ലെന്നു പറയുന്നതു ശരിയല്ല. പട്ടണവാസികളെല്ലാം ഗ്രാമവാസികൾ കൊടുക്കുന്ന നികുതിക്കുപുറമെ മുനിസിപ്പൽ നികുതിയും കൊടുക്കുന്നുണ്ടു്. മുനിസിപ്പാലി

LIBRARY ARCHIVES Kerala Legislative Assembly

റിയിൽനിന്നും അവർ താമസിയ്ക്കുന്ന പട്ടണത്തിനുവേണ്ടി കഴിയുന്ന തു പണം വ്യയംചെയ്യുന്നുണ്ട്. എന്നിരുന്നാലും കൊച്ചിയിലെ വില്ലേ ജുകളിലേയ്ക്ക് ഗതാഗതസൌകര്യങ്ങൾക്കും സാനിട്ടേഷനും മറ്റുമാ യി ഗവൺമെൻറിൽനിന്നും കൊടുത്തുവരുന്നതുപോലെ വീതപ്രകാരമുള്ള ഒരു സംഖ്യ ആണ്ടുതോറും പട്ടണവാസികൾക്കും കൊടുക്കാതിരിയ്ക്കുന്ന തെന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. പട്ടണത്തിൽനിന്നാണെങ്കിൽ ഗവൺമെൻറിലേയ്ക്ക് ആദായനികുതി, എക്സൈസ് മുതലായ ഇനങ്ങളിൽ കൂടുതൽ ആദായം ഉണ്ടാകുന്നുണ്ട്. ആ നിലയ്ക്ക് പൌരന്മാരോട് കുറേക്കൂടി അനുഭാവത്തോടും സഹതാപത്തോടും പെരുമാറണമെന്ന ള്ള സംഗതി ഈ ഉപക്ഷേപം മുഖാന്തരം ഗവൺമെൻറിനെ ഒരിയ്ക്കൽ കൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ഇ. പി. ഗോപാലമേനോൻ.— സർ, ഈ നിയമസഭയിൽ വന്നിട്ട് ആദ്യമായി ഒരു ഉപക്ഷേപത്തെ എതിർക്കേണ്ടിവന്നതു് ഇപ്പോ ഴാണ് എന്നു പറയാതെനിവൃത്തിയില്ല. ഇതിലധികം ആശ്ചര്യം ഇനി ഉണ്ടാകാനില്ലെന്നാണ് എന്റെ വിശ്വാസം. ഗ്രാമീണരായ ഞങ്ങൾ ഞങ്ങൾക്കത്യാവശ്യമായിട്ടുള്ള സംഗതികൾ ചോദിയ്ക്കുമ്പോൾ "ഫണ്ടി ല്ല, ഫണ്ടില്ല" എന്നു പറയുന്ന ഒരു ഗവൺമെൻറിനോട്, ഇതിനു മുമ്പു പല മാന്യന്മാരും കൊച്ചീ രാജ്യത്തിന്റെ തലയെന്നു വിളിച്ചുവരുന്ന തലസ്ഥാനത്തെ പട്ടിണിയിട്ടു മുടിവച്ചിരിയ്ക്കുന്നുവെന്നു താരതമ്യപ്പെട്ടു ത്തീട്ടുള്ള ഈ ഏറണാകുളം പട്ടണത്തിനു സാധുക്കളായ കർഷകന്മാരി ൽനിന്നും വലിച്ചെടുക്കുന്ന ധനത്തെ കൂടുതലായി വ്യയംചെയ്യണമെന്നു പറയുന്നതുതന്നെ ലജ്ജാവഹമാണെന്നാണ് എനിയ്ക്കു തോന്നുന്നതു്. നടക്കുവാൻ വഴിയില്ലാതെ, കിടക്കുവാൻ വീടുകളില്ലാതെ, ഉടുക്കുവാൻ വസ്ത്രമില്ലാതെ, കഴിയ്ക്കുവാൻ ഭക്ഷണമില്ലാതെ എത്രയെത്ര ജനങ്ങളാ ണ് പൊന്നുതമ്പുരാൻ തിരുമനസ്സിലെ പ്രജകളായി കൊച്ചീ രാജ്യത്തി ന്റെ അരുമസന്താനങ്ങളായി കഴിച്ചുകൂട്ടുന്നതു്. ഇപ്രകാരം രാജ്യത്തി ന്റെ നാനാഭാഗങ്ങളിലുമുള്ള പ്രജകൾ കഷ്ടപ്പാടനുഭവിയ്ക്കുമ്പോൾ ത ലസ്ഥാനപട്ടണത്തിലെ ഒരു പൌരൻ എഴുന്നേറ്റു പറയുന്നു, "ഞങ്ങ ളുടെ പട്ടണപരിഷ്കരണത്തിന് കൂടുതൽ പണം അനുവദിയ്ക്കണ മെന്ന്!" ഇങ്ങിനെയുള്ള കോപ്പുകൂട്ടലുകൾക്കുവേണ്ടി ഏതൊരു പൌരനെങ്കി ലും ഒരൊറ്റപ്രാവശ്യം ഗവൺമെൻറിനോടു ചോദിയ്ക്കുവാൻ പുറപ്പെ ടുന്നതു ഏറ്റവും ലജ്ജാവഹമാണെന്നാണു ഞാൻ പറയുന്നതു്. മറ്റു ള്ളവയ്ക്കുംകൂടി കുറച്ചെങ്കിലും കിട്ടീട്ട് ഞങ്ങൾക്കും തരണം എന്നു ചോ ദിയ്ക്കുകയാണെങ്കിൽ അതിനു അർത്ഥമുണ്ട്. അതില്ലാതെ സ്വാർത്ഥത്തെ മാത്രം മുൻനിറുത്തി പ്രവർത്തിയ്ക്കുന്നതായാൽ അതു് എത്രത്തോളം ആ ക്ഷേപമാണെന്നും, കൊച്ചീ രാജ്യത്തിന്റെ ഭാവി ഏതുനിലയിൽ ആ യിത്തീരുമെന്നുംകൂടി ഓർക്കണം. ഈ മഹാനുഭാവന്മാർതന്നെ സമുദായ

LIBRARY ARCHIVES Kerala Legislative Assembly

പ്രാതിനിദ്ധ്യത്തെ മുൻനിറുത്തി ഒരു കാര്യപരിപാടി രൂപീകരിച്ചുകൊണ്ട് നിയമനങ്ങൾ നടത്തണമെന്നു വാദിയ്ക്കുമ്പോൾ ഈ കാര്യത്തിൽ മാത്രം പ്രാതിനിദ്ധ്യവും വേണ്ട, തുല്യതയും വേണ്ട എന്നു പറയുന്നതു് എത്ര കഷ്ടമാണു്. എറണാകുളം പട്ടണനിവാസികളോടു് മുനിസിപ്പാലിറ്റിയിൽനിന്നും വാങ്ങുന്ന പണം മുഴുവനും എറണാകുളം പട്ടണപരിഷ്കരണത്തിനുവേണ്ടി ചിലവാക്കിക്കൊണ്ടു്, കൊച്ചിയിലെ പൌരാവലിയിൽനിന്നും ഗവൺമെൻറിനു കിട്ടുന്ന വരവിലും ഒരു പങ്കു കൊണ്ടുവാ എന്നു പറയുന്നതു് വാസ്തവത്തിൽ വളരെ കഷ്ടമാണു്. ഇങ്ങിനെയുള്ള ഉപക്ഷേപങ്ങൾ ഈ സഭയിൽ കൊണ്ടുവന്നു വെറുതെ നിയമസഭയുടെ സമയം കളയരുതെന്നേ എനിയ്ക്കു പറയുവാനുള്ളൂ. കൊച്ചി സംസ്ഥാനത്തിലേയ്ക്കുവേണ്ടി പണം ചിലവുചെയ്യുന്നതായാൽ അതിനു ന്യായമുണ്ടു്. അല്ലാതെ സാധുക്കളിൽനിന്നും കിട്ടുന്ന പണമെടുത്തു്, മറ്റു സ്ഥലങ്ങളിൽ അത്യാവശ്യങ്ങൾ നിർവ്വഹിക്കാനുള്ളപ്പോൾ തലസ്ഥാനത്തിൻറെ പേരിൽ ചിലവുചെയ്യുന്നതു് തീരെ അന്യായമാണെന്നു മാത്രമേ എനിയ്ക്കിതിൽ കാര്യമായി പറയുവാനുള്ളൂ. ഇനിയുംപല സംഗതികളെക്കുറിച്ചും എനിയ്ക്കു് ഈ വിഷയത്തിൽ പറയുവാനുണ്ടെങ്കിലും സമയം ചുരുക്കമായതിനാൽ അതെല്ലാം വിവരിച്ചു പറയണമെന്നു വിചാരിയ്ക്കുന്നില്ല. ഇതുയുംപറഞ്ഞു ഞാൻ ഈ ഉപക്ഷേപത്തെ ബലമായി എതിർക്കുന്നു. മറ്റു മാന്യ സാമാജികന്മാരും ഈ ഉപക്ഷേപത്തെ എതിർക്കുമെന്നു് ആശിച്ചുകൊണ്ടു് തൽക്കാലം വിരമിച്ചുകൊള്ളുന്നു.

മിസ്റ്റർ വി. കെ. കുട്ടി.— സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിയ്ക്കുന്നു. എറണാകുളം പട്ടണത്തിൽ ഗവൺമെണ്ടിൽനിന്നും ചെയ്തുകൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും, നാട്ടുകാർ പണം ചിലവാക്കി പണിചെയ്തിട്ടുള്ള കെട്ടിടങ്ങളെല്ലാം ഗവൺമെണ്ടിൻറേതാണെന്നും മറ്റും തെറ്റിദ്ധരിച്ചുകൊണ്ടുണ്ടായ ചില പ്രസ്താവനകൾ കേട്ടതുകൊണ്ടാണു് ഞാൻ ഈ ഉപക്ഷേപത്തെപറ്റി പ്രസംഗിയ്ക്കുവാൻ നിർബ്ബന്ധിതനായിതീർന്നതു്.

എറണാകുളം ടൌണിൻറെ പരിഷ്കരണത്തിനുവേണ്ടി ഗവൺമെണ്ടിൽനിന്നു ഒരു വിദഗ്ധനെ (മി: ഡാനിനേ) വരുത്തി ഒരു സ്കീം തയ്യാറാക്കിയിരുന്നു. ആ സ്കീമനുസരിച്ചു് ഗവൺമെണ്ടു് ഇതേവരെ യാതൊരു പ്രവൃത്തികളും ആരംഭിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയിൽനിന്നും ആവശ്യപ്പെടുമ്പോൾ "ഇക്കൊല്ലം ഫണ്ടില്ല. അടുത്തകൊല്ലം ചെയ്യാ"മെന്നു പറഞ്ഞു നീട്ടിക്കൊണ്ടുപോകുകയാണു ചെയ്യുന്നതു്. ഈ ഉപക്ഷേപകർത്താവു പറഞ്ഞതുപോലെ എറണാകുളം ടൌണിൽ ഗവൺമെണ്ടിൻറെ യാതൊരു പ്രോത്സാഹനങ്ങളും ലഭിയ്ക്കുന്നില്ല. കേവലം ട്രങ്ക് റോഡിനുവേണ്ടി മൂവായിരം ഉറുപ്പികയാണു് ഗവൺമെണ്ടു് വർഷംതോറും മുനിസിപ്പാലിറ്റിയ്ക്കു കൊടുത്തുവരുന്നതു്. അല്ലാതെ ഗ്രാമവാ

LIBRARY ARCHIVES Kerala Legislative Assembly

സികളിൽനിന്നും ഗവമ്മെണ്ടിലേയ്ക്കു കിട്ടുന്ന ഇനത്തിൽ യാതൊരു സംഖ്യയും ഈ പട്ടണപരിഷ്കരണ വിഷയത്തിൽ ചിലവാക്കുകയോ, മുനിസിപ്പാലിറ്റിയ്ക്കു കൊടുക്കുകയോ ചെയ്യുന്നില്ല. എറണാകുളം പട്ടണവാസികൾ സുഖമനുഭവിയ്ക്കുന്നതിന്റെ കാരണമെന്താണെന്നു ചില മെമ്പർമാർ ധരിയ്ക്കാത്തതുകൊണ്ടാണു് ഇപ്രകാരം അവർ കണ്ടക്ഷോഭം ചെയ്യുന്നതെന്നാണു് ഞാൻ വിചാരിക്കുന്നതു്. എറണാകുളം ടൌണിൽമാത്രമല്ല; മറ്റു് ഏതു ടൌണുകളിലും ചില കാര്യമായ സഹായങ്ങൾ ഗവമ്മെണ്ടു് ചെയ്തുകൊടുക്കുക സാധാരണമാണു്. കേവലം ഒരു ടൌണിന്റെ മനോഹരതയെമാത്രം ഉദ്ദേശിച്ചല്ല. മഹാരാജാവു തിരുമനസ്സിലെ പട്ടണവാസികളായ പ്രജകളുടെ രക്ഷയേ ഉദ്ദേശിച്ചുകൂടിയാണു്. പട്ടണവാസികളിൽനിന്നും പിരിച്ചുകിട്ടുന്ന സംഖ്യകൊണ്ടു് അവരുടെ സംരക്ഷണയ്ക്കു പോരാതെവരുമ്പോൾ ചില സഹായങ്ങൾ ചെയ്തുകൊടുക്കുകയെന്നതു് എല്ലാ ഗവമ്മെണ്ടുകളുടേയും മുമതലയാണു്. എറണാകുളത്തെ സംബന്ധിച്ചേടത്തോളം ഗവമ്മെണ്ടു് അതു് അനാദരിച്ചാണു പ്രവൃത്തിക്കുന്നതു്. വടക്കെ നിയോജകമണ്ഡലം പ്രതിനിധി ആവശ്യപ്പെട്ടതുപോലെ ധാരാളം റോഡുകളും തോടുകളും ഇവിടെ ആവശ്യമാണു്. ഏതൊരു കാലത്തും മുനിസിപ്പാലിറ്റി ഗവമ്മെണ്ടിന്റെ ഒരു ഭാഗമാണെന്നും, ആ നിലയ്ക്കു് ഗവമ്മെണ്ടിനും പൊതുജനങ്ങളെ രക്ഷിക്കുവാനുള്ള മുമതലയുണ്ടെന്നും അവരുടെ ആരോഗ്യത്തെ സംരക്ഷിച്ചാൽമാത്രമേ അവരെ ഞെക്കി പിഴിയുവാൻ സാധിക്കയുള്ളുവെന്നും ഗവമ്മെണ്ടു ധരിക്കേണ്ടതാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട അവതാരകൻ പറഞ്ഞതുപോലെ ഈ വിഷയത്തിൽ ഗവമ്മെണ്ടിന്റെ ശ്രദ്ധ വേണ്ടതു പതിഞ്ഞുകാണുവാൻ ഞാനാശിയ്ക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. കല്ലു കരടു കാഞ്ഞിരക്കുറ്റി, മുള്ളു മുരട്ടു മൂക്കപ്പാമ്പു മുതലായവയും, വഴികളുടെ ഇരുഭാഗങ്ങളിലും നിബിഡമായി വളർന്നുനില്ക്കുന്ന ഇല്ലിപ്പട്ടിലുകളാലും മറുവുക്ഷങ്ങളുടെ കൊമ്പുകളാലും കഠിനമായ മഴപെയ്തുകൂടി കൂടെ നിവർത്തിപിടിച്ചു നടക്കുവാൻ പോലും നിവൃത്തിയില്ലാതിരിയ്ക്കുന്നതുകൊണ്ടു് പഞ്ചായത്തുറോഡുകളെല്ലാം വെട്ടി വെടിപ്പാക്കുന്നതിനു ഓരോ പഞ്ചായത്തിലും ഓരോ ക്ലർക്കിനെ എങ്കിലും നിയമിക്കണമെന്നു വളരെക്കാലമായി ഗ്രാമവാസികൾ അപേക്ഷിച്ചുകൊണ്ടിരുന്നിട്ടും ചെവികേൾക്കാത്ത ഗവമ്മെണ്ടു കണ്ണുംപൂട്ടി പട്ടണങ്ങളിലെ ജനങ്ങൾക്കെങ്കിലും സുഖമനുഭവിയ്ക്കുവാൻ സുലഭമായി പണം ചോരിക്കോരി ചിലവുചെയ്തു വരുന്നതുകണ്ടല്ലോ എന്നുള്ള സന്തോഷത്തോടുകൂടിയാണു് ഞാൻ ഇതിനെ പിൻതാങ്ങുന്നതു്. പരിഷ്കൃതരാജ്യങ്ങളുടെ മുന്നണിയിൽ നില്ക്കുന്നുവെന്നു നമ്മളും

LIBRARY ARCHIVES Kerala Legislative Assembly

അന്യനാട്ടുകാരും അഭിമാനിയ്ക്കുന്ന ഈ കൊച്ചിയിൽ രണ്ടു പട്ടണങ്ങളെങ്കിലും വളരെ സമർത്ഥമായവിധത്തിൽ സാനിട്ടേഷൻ ശുചികരമായി നടത്തിവരുന്നതു് ഏറ്റവും അഭിമാനകരമായ ഒരു സംഗതിതന്നെയാണു്. കൊച്ചിയിലെ പരിഷ്കാരംകണ്ടു മനസ്സിലാക്കുന്നതിനു് കൊച്ചി സന്ദർശിക്കുന്ന വിദേശികൾ കാണുന്ന പ്രധാന പട്ടണങ്ങളാണു് എറണാകുളവും തൃശ്ശൂരും. പ്രധാനപ്പെട്ട എല്ലാ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർക്കും അവരുടെ ആപ്പീസ്സുകളും പാപ്പിടങ്ങളും ഈ പട്ടണങ്ങളിലാകയാൽ പ്രത്യേകിച്ചും സഞ്ചരിക്കേണ്ടതു് ഈ പട്ടണങ്ങളിലാണു്. സന്ദർശകരായ വിദേശികൾ കൊച്ചിയെ പ്രശംസിക്കണമെങ്കിലും വലിയ വലിയ ഉദ്യോഗസ്ഥന്മാർക്കും കുടുംബങ്ങൾക്കും ബന്ധുക്കൾക്കും സുഖസൌകര്യങ്ങൾ ഉണ്ടായിരിക്കണമെങ്കിലും ഈ പട്ടണങ്ങൾ സ്വിറ്റ്സ്തുല്യമാക്കി വെക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. ഞങ്ങൾ നാടന്മാരാണു്. ഞങ്ങൾക്കു വണ്ടികളും കാറുകളും ഇല്ല. കാൽവണ്ടിയാണു്. കല്ലിലും മുള്ളിലും കാട്ടിലും മേട്ടിലും നടന്നു പരിചയിച്ചവരും അങ്ങിനെ കഴിഞ്ഞുകൂടേണ്ടവരുമാണല്ലൊ. ഞങ്ങൾക്കങ്ങിനെയുള്ള സൌകര്യങ്ങളില്ലെന്നു വിചാരിച്ചുകൊണ്ടു് മറ്റുള്ളവർ കൂടിയ്ക്കുന്ന കഞ്ഞിയിൽ മണ്ണുകുത്തിയിടുവാനുള്ള ഉദ്ദേശ്യമനസ്ഥിതി ഞങ്ങൾക്കില്ല. ഉൾനാടുകളിലെ പ്രജകളായ ഞങ്ങളും മഹാരാജാവു തിരുമനസ്സിലെ പ്രജകളാണെന്നു വിചാരിച്ചു് നല്ല റോഡുകളല്ലെങ്കിലും വല്ല വഴികളും ഞങ്ങൾക്കും ഉണ്ടാക്കിത്തരണം. പട്ടണങ്ങളിൽ കൂടുതൽ പരിഷ്കാരം വരുത്തുന്നതിൽ ഞങ്ങളാരും എതിരഭിപ്രായക്കാരല്ലെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

Mr. George Parakkal.— Sir, I beg to support the motion and in so doing I cannot subscribe to the arguments adduced by the mover of this motion in that he has drawn a comparison between the rate that is spent in the towns and in the villages. In My opinion this is not a question on which a sentimental discussion over the expenditure on towns or villages should be raised. We are confronted with an actual fact and we have to see how we must approach this question. Ernakulam is the capital of the State. The sanitary condition of Ernakulam as also the means of communication in this capital city is in a very backward stage. They ought to be attended to as early as possible. But to do this, the Municipality says that it has no funds. When confronted with such a situation, the question is whether the Government should go to its aid. In my opinion considering the facts that Ernakulam is the capital of the State, Government should readily go to the aid of Ernakulam Municipality and see that this is converted to one of the best towns in the State. I support the Motion.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ.— ഞാനും ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഗ്രാമക്കാരുടെ രക്ഷക്കുവേണ്ടിയാണു് ഞാൻ ഇതിനെ പിൻതാങ്ങുന്നതു്. പ്ലേഗുവന്നതു് മട്ടാഞ്ചേരിയിലും കുന്നുകുളത്തുമാണു്. അല്ലാതെ ചെറായിയിലും, അന്തിക്കാട്ടും, പള്ളിപ്പുറത്തുമല്ലെന്നു ബഹുമാനപ്പെട്ട പള്ളിപ്പുറം മെമ്പർ ഓർത്താൽ കൊള്ളാം. പ്രധാന പട്ടണങ്ങളിലെ സാനിട്ടേഷൻ നോക്കേണ്ടതു് അവിടെ താമസിയ്ക്കുന്നവരുടെ രക്ഷയ്ക്കുമാത്രമല്ല, രാജ്യത്തിൽ ആകെയുള്ള ജനങ്ങളുടെ രക്ഷയ്ക്കും ആവശ്യമാണു്. പട്ടണത്തിന്റെ ആവശ്യം അനുസരിച്ചു പട്ടണത്തിനു ചെയ്യണം. ഗ്രാമത്തിന്റെ ആവശ്യം അനുസരിച്ചു് ഗ്രാമത്തിനും ചെയ്യണം. അല്ലാതെ ഈവക സംഗതികളിൽ ഒരു വ്യത്യാസം വിചാരിയ്ക്കേണ്ട കാര്യമില്ല. എന്തെങ്കിലും ഒരു സ്ഥലത്തു ഗ്രണം ചെയ്യണമെന്നാവശ്യപ്പെടുമ്പോൾ അതു് ഒരു ബഡ്ജറാക്കിയെടുത്തു് ഇത്രപണം ഈ സ്ഥലത്തു കൊടുക്കണം; ഇത്ര പണം വേറെ സ്ഥലത്തു കൊടുക്കണം എന്നു നിർണ്ണയിയ്ക്കുന്നതു ശരിയല്ല. അതെല്ലാം ബഡ്ജറു ചെയ്യേണ്ട ഭാരം ഗവർമ്മെണ്ടിനു വിടേണ്ടതാണു്. ഓരോ സ്ഥലങ്ങളിലേയും ആവശ്യങ്ങൾ ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ള ഭാരമേ നമുക്കുള്ളു. എറണാകുളം മെമ്പർ എറണാകുളത്തിന്റെ ആവശ്യം കൊണ്ടുവന്നു. പള്ളിപ്പുറം മെമ്പർ എറണാകുളത്തെയ്ക്കു് അത്യാവശ്യമില്ലെന്നു പറഞ്ഞ അദ്ദേഹത്തിന്റെ ഇടുങ്ങിയ സ്വദേശബുദ്ധിയൊന്നു മാറി ഈ കാലസ്ഥിതിയ്ക്കനുസരണമായ ദേശീയബോധത്തോടുകൂടി നോക്കിയിരുന്നാൽ അദ്ദേഹത്തിനു് ഇതിനെ എതിർക്കേണ്ടിവരികയില്ലായിരുന്നുഎന്നാണു് എനിയ്ക്കു പറയുവാനുള്ളതു്.

മിസ്റ്റർ എം. വി. ചെറിയാൻ.— എറണാകുളം ബോട്ടജട്ടിയിൽ യാത്രക്കാരും മറ്റുമായി അനവധിയാളുകൾ വരുന്നുണ്ടു്. അവിടെ ഒരു പബ്ലിക്ക് ലാട്രീൻ ഇല്ലാത്തതുനിമിത്തം ടി യാത്രക്കാരും പാക്കിലും മറ്റും വരുന്നവരും, എത്രമാത്രമാണു ബുദ്ധിമുട്ട അനുഭവിയ്ക്കേണ്ടിവരുന്നതെന്നു പറഞ്ഞറിയിയ്ക്കുവാൻ പ്രയാസമാണു്. അതുകൊണ്ടു് ഈ കാര്യത്തിനും ഗവർമ്മെണ്ടു പ്രത്യേകം ശ്രദ്ധവയ്ക്കണമെന്നു് എനിയ്ക്കൊരപേക്ഷയുണ്ടു്.

Mr. C. R. Iyyunni.— Sir, the object with which I intend to support the motion is to clear some misunderstandings which the Member for Pallippuram has in his mind. He seems to be under the impression that the amount of money that is set apart for Ernakulam, Cochin and Trichur is the money that really belongs to Government. But as a matter of fact the money does not belong to Government. The amount is the sum that is due to the Cochin Government as its share from the collection in respect of petrol consumption. It is that money that is brought over here. I might say it is our money. The amount is contributed

LIBRARY ARCHIVES Kerala Legislative Assembly

from the towns in the state and out of that amount a sum of Rs.3000 or 7000 is set apart for each town. After all the money does not come from the State Coffers themselves. Even if it comes from the State Coffers as it goes to the town folk, there is nothing wrong about it.

Then secondly there is the Income-tax. The income tax is mostly obtained from the towns. I think from that alone the Government get a large amount. That amount goes to the Treasury and not to the coffers of the Municipal fund. Then there is the further fact.....

Mr. T. K. Nair.— How do they get the money ?

Mr. C. R. Iyyunni.— By the profession of trade in the town. If you trace how the profit originates it may not be possible to say anything definite. The enquiry may not lead to anything. So far as the income-tax goes into the coffers of the Government and not into the coffers of the Municipal fund, I beg to submit that there is the amount necessary for contribution. Then there is a large number of Government buildings in the town. Under ordinary circumstances, these buildings will have to be taxed but as a matter of fact owing to the provisions in the Regulation they are exempt from taxation. That amount should necessarily go to the various Municipalities. In the case of Palace cars also no toll is imposed upon them. The Municipalities are rightly entitled to get it. But now they do not get it. It is under the orders of the Government that these cars are exempted. The trunk roads have to be maintained by the Government and the contribution is made only towards that. With regard to the smaller roads, lanes, etc., certainly it is the duty of the Municipality to look after them. But since the trunk roads situated in the towns are made use of by the village folk also there is a duty cast on the Government to a share in the maintenance of it. If at all the Government is going to contribute any amount to the towns, let it be understood that they have got a right to the same. I am sure, they are rightly entitled to get a fair portion of the amount collected by the Government.

Mr. A. V. Moothedan— I heartily support the motion. The town of Ernakulam is far behind any other town in the matter of sanitation, roads etc. We see slums everywhere. We see stagnant water everywhere. We see dirty water everywhere. Stagnant water is the home of mosquitos. Thousands of these mosquitos come to our ears and whisper secrets. I do not know what these secrets are. It is these mosquitos that bring all kinds of disease. Therefore it is highly necessary that the Ernakulm town should be improved.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. രാമൻമേനോൻ.— ഇങ്ങിനെയുള്ള വാദപ്രതിവാദത്തിനു വിഷയമാകത്തക്കതരം ഉപക്ഷേപമല്ല ഇവിടെ ഹാജരാക്കപ്പെട്ടതു്. അതു ഹാജരാക്കുന്നതു സമയത്താകട്ടെ, ബഹുമാനപ്പെട്ട പള്ളിപ്പുറം മെമ്പരുടെ പ്രസംഗം തുടങ്ങുന്നതിനു മുമ്പുവരെയാകട്ടെ ഇത്തരം ഒരു വാദപ്രതിവാദം ഉണ്ടാകുമെന്നു് ആരും കരുതിയിരിക്കയില്ല. നാട്ടുപുറത്തെ ചുണ്ടേലിയും പട്ടണത്തിലെ ചുണ്ടേലിയും തമ്മിലുള്ള ഒരു വാക്കുതർക്കംപോലെയിരിക്കുന്ന ഇന്നത്തെ അനുകൂലപ്രതികൂല പ്രസംഗങ്ങൾ. ഇതിൽ ഒരു സംഗതിമാത്രം എനിയ്ക്കു് എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാരോടു പറയുവാനുണ്ടു്. ചുണ്ടേലി നാട്ടുപുറത്തുള്ളതായാലും, പട്ടണത്തിലുള്ളതായാലും രണ്ടും പ്ലേഗിനു കാരണക്കാരാണു്. അതുകൊണ്ടു് ഏറണാകുളത്തുള്ളതായാലും നാട്ടുപുറത്തുള്ളതായാലും രണ്ടും പ്ലേഗുവാഹകന്മാരായ ചുണ്ടേലികളായതുകൊണ്ടു് അവരെ നശിപ്പിയ്ക്കുകയും അവരിൽനിന്നും ഉണ്ടാകാവുന്ന പ്ലേഗുബാധയെ കുറക്കുകയും ചെയ്യേണ്ടതാണു്. പട്ടണങ്ങളിലെ പരിഷ്കാരവും ആരോഗ്യവും നന്നായാണു നാട്ടുപുറങ്ങളിലെ പരിഷ്കാരത്തിനും ആരോഗ്യത്തിനും ഹേതു. നാട്ടുപുറങ്ങളിലെ അനാരോഗ്യവും അപരിഷ്കൃതാവസ്ഥയും പട്ടണങ്ങളുടെ അന്തസ്സിനെ അധഃപതിപ്പിക്കുകയുമുണ്ടു്. ഒന്നിനെക്കളഞ്ഞു മറെറാന്നിനെ സ്വീകരിക്കുകയല്ലാ, രണ്ടിനെയും അവസ്ഥാനുസരണം പുഷ്ടമാക്കുകതന്നെയാണു യുക്തിയും യോജിപ്പും.

Mr. T. S. Balarama Ayyar.— Sir, I support the motion. As was pointed out by the Hon'ble Member for South Ezhuvas towns do not exist for the benefit of towns alone. Towns are distributing centres. The benefits of the towns are enjoyed not only by townsmen but by villagers as well. One important point that has to be borne in mind in this connection is this. Take any important town. The floating population of the town will come to about 30 per cent of the villagers. So unless these towns are kept in a tip top condition it is the villages that are going to suffer. Then again it is in towns that we have Colleges, Hospitals, Courts, etc. The benefits of all these are equally shared by the villagers. As pointed out by the Hon'ble Member for Trichur South, the townsmen contribute a very good portion of the general coffers of the State. Of course they may be getting some additional advantages; but at the same time they make additional contributions. So I do not think that the villagers should grudge the Government spending money out of the general coffers for the benefit of the townsmen.

Mr. President.— The House now stands adjourned to quarter past two.

The House rose for lunch at 1. p. m. and reassembled at 2. 15 p. m. with the Deputy President in the Chair.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. S. Narayana Ayyar.—Government are not unmindful of the improvement of important towns of the State in the matter of sanitation and public health. Hon'ble Members will find that a sum of more than Rs. 40,000 has been set apart towards conservancy and sanitation in the important towns of the State. It has not been possible to give more, having regard to the existing state of our finances. Looking at the way in which this amount has been distributed Hon'ble Members will find that the distribution has been made on the basis of the special needs of the locality. For instance, owing to the recent outbreak of plague there, Kunnamkulam gets two thousand rupees next year more than the other towns. So that, it is a sort of considered plan that the Government have in view in the direction of improvement of towns. Hon'ble Members are also aware that Town Improvement Committees have been set up in various places for offering suggestions for improving the amenities of towns. The report of the Ernakulam Town Improvement Scheme was submitted some time ago and it is under the consideration of Government. When Mr. Dann, the Town Planning Expert, visited the State the opportunity was availed of to get his opinions with regard to the planning of important towns like Trichur and Ernakulam. Here I have got a file in which action is seen at once taken on Mr. Dann's report by asking the Diwan Peishkar and the Chief Engineer to submit a joint report regarding the feasibility and the details of executing that scheme in consultation with the Chairmen of the Municipal Councils. The latest correspondence on the subject is somewhere in June 1935. Two points are engaging the particular attention of Government regarding Ernakulam town, the clearance of marshy swamps in the town and the improvement of the trunk roads.

Mr. M. V. Cherian.—Is Mattancheri also included in this scheme?

Mr. T. S. Narayana Ayyar.—Yes.

മിസ്റ്റർ പി. സി. വക്കി.— ബഹുമാനപ്പെട്ട പള്ളിപ്പുറം മെമ്പർ ഗ്രാമീണ പരിഷ്കരണത്തെപററി പറഞ്ഞതായ അഭിപ്രായങ്ങൾ നിലനില്ക്കത്തക്കതല്ലെന്ന് ബഹുമാനപ്പെട്ട പല മെമ്പർമാരും ഇവിടെ സമാധാനം പറഞ്ഞുകഴിഞ്ഞിട്ടുള്ളതുകൊണ്ട്, ഞാൻ അതിനെപ്പററി ഒന്നും പ്രസ്താവിയ്ക്കണമെന്നു വിചാരിയ്ക്കുന്നില്ല. എറണാകുളം പട്ടണത്തിന്റെ ശോചനീയാവസ്ഥ ഗവൺമെണ്ടിനു മനസ്സിലായിട്ടുണ്ടെന്നും, അതിലേയ്ക്ക് ഒരു സ്കീം തയ്യാറാക്കി അതനുസരിച്ച് പരിഷ്കരണങ്ങൾ ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും ഗവൺമെണ്ടുഭാഗത്തു നിന്ന് ബഹുമാനപ്പെട്ട ഗവൺമെണ്ടു സിക്രട്ടറി പ്രസ്താവിച്ചുകഴിഞ്ഞിട്ട

LIBRARY ARCHIVES Kerala Legislative Assembly

ള്ളതുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ സഭയുടെ അനുവാദത്തോടുകൂടി പിൻവലിയ്ക്കണമെന്നാണ് വിചാരിയ്ക്കുന്നത്.

Motion was, with leave, withdrawn.

Motion No. 60.

Mr. C. R. Iyyunni.—*To reduce the allotment of Rs. 7,560 for Trichur Town Improvement works by Re. 1. (To discuss the step taken by the Government to electrify the Town of Trichur).*

സർ, തൃശ്ശിവപേരൂർ, എറണാകുളം എന്നീ പട്ടണങ്ങളിൽ വിദ്യുച്ഛക്തി വിതരണം ചെയ്യുന്നതിനെസംബന്ധിച്ച് ഗവമ്മെണ്ട് പ്രസിദ്ധപ്പെടുത്തിയിരിയ്ക്കുന്ന പരസ്യത്തെപറ്റി പ്രസ്താവിയ്ക്കുവാനാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിനുമുമ്പ് ഇതുപോലെ ഒരു പരസ്യം എവിടെയെങ്കിലും ആരെങ്കിലും കണ്ടിട്ടുണ്ടോ എന്നു ഞാൻ സംശയിയ്ക്കുന്നു. തൃശ്ശിവപേരൂർ, എറണാകുളം എന്നീ പ്രധാനപ്പെട്ട പട്ടണങ്ങളിൽ വിദ്യുച്ഛക്തികൊണ്ടുള്ള വിളക്കുകൾ കത്തിയ്ക്കുക, ഇൻഡസ്ട്രിയൽ സംബന്ധമായ ഏർപ്പാടുകൾക്ക് വിദ്യുച്ഛക്തി കൊടുക്കുക ഈ കാര്യങ്ങൾക്കായി ടെണ്ടർ ആവശ്യപ്പെടുകയാണ് ഈ നോട്ടിഫിക്കേഷൻകൊണ്ടു കാണുന്നത്. ഏതെങ്കിലും ഒരു സ്ഥാപനത്തിന് ഉതിന്റെ ചുമതല വഹിക്കുവാൻ—ഇതു് ഏറ്റെടുക്കുവാൻ—പ്രാപ്തിയുണ്ടോ എന്നു ഗവമ്മെണ്ടു നോക്കീട്ടവേണം അവരെ ഈ ഭാരം ഏല്പിയ്ക്കുവാൻ. എന്നാൽ അതു ഉദ്ദേശിച്ചല്ല ഈ നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തീട്ടുള്ളതെന്ന് അതു നോക്കിയാൽ ഏതാണ്ടു മനസ്സിലാകും. വിദ്യുച്ഛക്തികൊണ്ടു വിളക്കുകൾ കത്തിയ്ക്കുക, വ്യവസായസംബന്ധമായ ഏർപ്പാടുകൾക്കു വിദ്യുച്ഛക്തി നൽകുക മുതലായ സംഗതികൾ നടത്തുന്ന കമ്പനികൾ ഇപ്പോൾ പല സ്ഥലത്തുമുണ്ട്. പലമുനിസിപ്പാലിറ്റികൾക്കും ആ വക കമ്പനി, വിളക്കു കത്തിയ്ക്കാനുള്ള വിദ്യുച്ഛക്തി കൊടുത്തുവരുന്നുമുണ്ട്. ആ കമ്പനികളുടെ പ്രവർത്തനംകൊണ്ട് അതിനു വലുതായ ആദായം കിട്ടുന്നുമുണ്ട്. ഗവമ്മെണ്ടിന്റെ ഈ നോട്ടിഫിക്കേഷൻകൊണ്ടു കാണുന്നതു് അങ്ങിനെ എന്തെങ്കിലും ആദായമുണ്ടെങ്കിൽ ആ ആദായത്തിന്റെ നൂറുക്കു പത്തുവീതമുള്ളൊരു തുകമാത്രമേ ഡിവിഡൻറായി കമ്പനികൾ ഓഹരിക്കാർക്കു കൊടുക്കുവാൻ പാടുള്ളുവെന്നാണ്. പത്തുശതമാനം മാത്രമേ കൊടുക്കുവാൻ പാടുള്ളുവെന്ന് ഗവമ്മെണ്ടു പറയുന്നുണ്ടെങ്കിലും ക്രൂതൽ ലാഭമുണ്ടെയാൽ ആ ലാഭം മുഴുവനും വിദ്യുച്ഛക്തി ഉപയോഗിക്കുന്നവരുടെ (Consumers) ആവശ്യത്തിനായിട്ടു വിനിയോഗിയ്ക്കണമെന്നുകൂടി പറഞ്ഞിരുന്നാൽ അതു ന്യായമാകുമായിരുന്നു. എന്നാൽ ഗവമ്മെണ്ടിൽനിന്ന് അങ്ങിനെ ഒരു സംഗതിയും ഇതിൽ പറയുന്നില്ല. അങ്ങിനെപറയാത്ത സ്ഥിതിക്കു കമ്പനി വേണ്ടപോലെ

LIBRARY ARCHIVES Kerala Legislative Assembly

നടത്തി അതിൽനിന്നുണ്ടാകുന്ന ക്രൂതൽ ആദായം അവക്കുതന്നെ വീതിച്ചുഎടുത്തുകൊള്ളുവാൻ പറയാമായിരുന്നു. അതിന്ന ഗവമ്മെണ്ടു സമ്മതിക്കുന്നമില്ല — അങ്ങിനെയാണെങ്കിൽ ക്രൂതൽ മിച്ചമുണ്ടാകുന്നതു വിട്ടുപ്പുകാരി ആരുപയോഗിയ്ക്കുന്നവോ അവക്കു കിട്ടുവാൻ ആണ് ന്യായം. അതിനെസംബന്ധിച്ചു ഒന്നുംതന്നെ ഇതിൽ പറയുന്നില്ല. അതുകൊണ്ടു ക്രൂതലായി കിട്ടുന്ന ആദായം വിട്ടുപ്പുകാരി ഉപയോഗിക്കുന്നവക്കു വീതിച്ചുകൊടുക്കേണ്ടതാണെന്നു ഇതിൽ പറയേണ്ടതായിരുന്നു. പറയാത്തതു ശരിയായിട്ടുള്ളതാണെന്നു എനിയ്ക്കു തോന്നുന്നില്ല.

രണ്ടാമതായി ഇതിൽ പറയുന്നതു് ഈ ഏപ്പാടിനുവേണ്ടി ഏതു ആളുകളെ ഉദ്യോഗസ്ഥന്മാരായി നിയമിയ്ക്കേണ്ടിവരുമോ ആ ഉദ്യോഗസ്ഥന്മാരെയെല്ലാം നിയമിയ്ക്കുന്നതിനു് ഗവമ്മെണ്ടിന്റെ അനുവാദമോ സമ്മതമോ കിട്ടണം എന്നാണു്. എന്നാൽ ഈ കരാർ മറെറാരാളെയൊ കമ്പനിയേയൊ ഏല്പിയ്ക്കുമ്പോൾ അയാൾ അതു നടത്തുവാൻ പ്രാപ്തിയുള്ള ആളാണോ അല്ലയോ എന്നു നോക്കുന്നതല്ലാതെ മറുള്ള കാര്യങ്ങളിൽ ഗവമ്മെണ്ടിനു് പ്രവേശിയ്ക്കേണ്ടതില്ല. അവർക്കിന്നും ശരിയായി ജോലിചെയ്യുകൊള്ളാമെന്നുള്ളതിനു (Guarantee) ഗാറണ്ടി വാങ്ങണം. ഗാറണ്ടിയില്ലാത്തവക്കു കരാർ എല്പിച്ചുകൊടുക്കേണ്ട ആവശ്യമില്ല. ഉറപ്പു് (Guarantee) വാങ്ങി എല്പിച്ചുകൊടുക്കുന്ന പക്ഷം ഉദ്യോഗസ്ഥനിയമനകാര്യത്തിൽ ഗവമ്മെണ്ടു പ്രവേശിയ്ക്കേണ്ടതില്ല. ഈ നോട്ടിഫിക്കേഷനിൽ ഉറപ്പു് (Guarantee) നെപററി ഒന്നും കാണുന്നില്ല.

പിന്നെ ഒന്നുള്ളതു് തൂശ്ശൂക്കും, എറണാകുളത്തേയ്ക്കുമുടി ഏലക്ട്രിസിററി സപ്ലൈചെയ്യുവാൻ ഒരു കമ്പനിക്കാരെതന്നെ എല്പിക്കണമെന്നാണു്. തൂശ്ശൂർ വിട്ടുപ്പുകാരി വിതരണംചെയ്യുന്നതിനു ഇതിനുമുമ്പുതന്നെ ഒരു കമ്പനിക്കു ലൈസൻസു കൊടുത്തിട്ടുണ്ടു്. ആ കമ്പനി പ്രവൃത്തി ആരംഭിയ്ക്കാതിരിയ്ക്കുന്നതിനു കാരണം ഗവമ്മെണ്ടിന്റെ ഏഴുത്താണു്. ഗവമ്മെണ്ടു് ഒരവസരത്തിൽ പൈക്കാറയിൽനിന്നും എനർജി (Energy) കൊണ്ടുവരാമെന്നു പറയുകയും, മറെറാരവസരത്തിൽ പള്ളിവാസലിൽനിന്നു വിട്ടുപ്പുകാരി എടുപ്പാൻ ആലോചിച്ചുവരുന്നുണ്ടെന്നു പറയുകയും ചെയ്തതനുസരിച്ചാണു് ആ കമ്പനി ഇതുവരെയായതൊന്നും പ്രവൃത്തിയ്ക്കാതിരുന്നതു്. ആ കമ്പനിയുടെ ലൈസൻസു ദുർബലപ്പെടുത്താതെ ഉപ്രകാരം ഒരു നോട്ടിഫിക്കേഷൻ ഗവമ്മെണ്ടു് പബ്ലിഷുചെയ്തിരിയ്ക്കുന്നതു് എത്രത്തോളം ന്യായമാണെന്നു് ആലോചിക്കേണ്ടതുണ്ടു്. ഈ നോട്ടിഫിക്കേഷൻ കണ്ടാൽ മറെറാരു കമ്പനിയും ഇവിടെ ഇല്ലെന്നും, ഇതുവരെ ഒരു കമ്പനിയ്ക്കും ലൈസൻസു കൊടുത്തിട്ടില്ലെന്നും തോന്നിപ്പോകും. ഗവമ്മെണ്ടിൽനിന്നും ലൈസൻസു

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുള്ള ഈ കമ്പനിയെസംബന്ധിച്ചു എന്തുചെയ്യുവാൻപോകുന്നുവെന്നുകൂടി ഈ നോട്ടിഫിക്കേഷനിൽനിന്നും അറിയുവാൻ തരമില്ല.

മറെറാരു സംഗതിഇതിൽ പറയുന്നതു് ഡയറക്ടർ ബോർഡിൽ ഗവൺമെണ്ടു നിശ്ചയിയ്ക്കുന്ന ഒരു ആൾ ഉണ്ടായിരിയ്ക്കുണമെന്നുള്ളതാണു്. തീച്ചയായും അങ്ങനെ യാതൊരാൾക്കും ഒരു തടസ്സവും ഇല്ല. എന്നാൽ ഒരു സംഗതിമാത്രം ഗവൺമെണ്ടു ചെയ്യേണ്ടതുണ്ടു്. അതായതു് ഗവൺമെണ്ടിൽനിന്നു് ഡയറക്ടർ യോഗ്യതക്കു വേണ്ടിവരുന്നതായ ഷയറുകൾ കമ്പനിയിൽ എടുത്തിട്ടുണ്ടായിരിക്കണം. കമ്പനി നിയമമനുസരിച്ചു് അതു ആവശ്യമാണെന്നതാണും. ഈവക സംഗതികൾ ആലോചിക്കുമ്പോൾ തീച്ചയായും ഈ നോട്ടിഫിക്കേഷൻ വേണ്ടതുപോലെ ആലോചിച്ചും പൊതുജനങ്ങളെത്തെ ഉദ്ദേശിച്ചും ഉണ്ടാക്കീട്ടുള്ളതല്ലെന്നു വിചാരിപ്പാൻ ധാരാളം ന്യായമുണ്ടു്.

മറെറാരു സംഗതികൂടി എനിക്കു പറവാനുണ്ടു്. തുശ്ശൂരും, എറണാകുളത്തുമാണു് പ്രധാനമായി വിദ്യുച്ഛക്തി വിതരണം ചെയ്യേണ്ടതു്. തുശ്ശൂരിൽ സപ്ലൈചെയ്യുവാൻ ഇപ്പോൾ ഒരു കമ്പനിയുണ്ടു്. എറണാകുളത്തു മുനിസിപ്പാലിറ്റിയുമുണ്ടു്. അതുകൊണ്ടു് അത്യാവശ്യമായി അവർ രണ്ടുകൂട്ടരോടുമാവശ്യപ്പെട്ടു്, അവരെക്കൊണ്ടു് ഈ മുതല എറെറടുത്തുവാൻ സാധിയ്ക്കുമോ എന്നു ചോദിക്കുക. അവക്കു നടത്തുവാൻ സാധിക്കുകയില്ലെങ്കിൽമാത്രമേ പുറമേയുള്ള കമ്പനിക്കാക്കു കൊടുക്കാവൂ. അവർ ഇരുവരും ഏറ്റെടുപ്പാൻ തയ്യാറുണ്ടെങ്കിൽ തുശ്ശൂരും, എറണാകുളവുമായി കൂട്ടിലിപ്പിച്ചു പ്രവൃത്തിനടത്തുവാൻവേണ്ടി ഒരു കമ്പനിക്കാക്കു കരാർകൊടുക്കണമെന്നവയ്ക്കുണ്ടു അവശ്യമില്ല. തുശ്ശൂക്കുമാത്രമായി ഒരു കമ്പനിക്കാരെ ഏല്പിച്ചാൽ അതു വളരെ സൌകര്യമായിരിക്കും. അതുപോലതന്നെ എറണാകുളത്തെയും മുൻസിപ്പാലിറ്റിയെയൊ മറെറാരു കമ്പനിക്കാരെയൊ ഏല്പിച്ചാൽ അതും വളരെ സൌകര്യമായിരിയ്ക്കും.

മറെറാരു സംഗതി കമ്പനിയുടെ മൂലധനത്തെപ്പറ്റിയാണു്. ഒരു കൊല്ലംകൊണ്ടു് അഞ്ചു ലക്ഷം ഉറുപ്പിക പിരിച്ചു് ഈ ഒരു കമ്പനി നടത്തണമെന്നാണു് പറയുന്നതു്. ആ ഒരു സംഗതി എന്തിനാണു് ഗവൺമെണ്ടു നിബ്ബന്ധിയ്ക്കുന്നതെന്നു മനസ്സിലാക്കുവാൻ വളരെ പ്രയാസമുണ്ടു്. ഇതിന്റെ ഉദ്ദേശം, കൊച്ചീക്കാരായ നമുക്കു വിദ്യുച്ഛക്തി വിതരണംചെയ്യുന്ന കമ്പനി നടത്തുവാൻ സാധിക്കാത്ത തരത്തിലുള്ള ഒരു നിശ്ചയം വേണമെന്നാല്ലേ എന്നു തോന്നിപ്പോകുന്നു. പക്ഷെ ഉദ്ദേശം അതല്ലായിരിയ്ക്കും. എങ്കിലും പ്രഥമദൃഷ്ടത്തിൽ കൊച്ചീക്കാരായ നമുക്കു ഈവക നിബ്ബന്ധങ്ങൾ സാരമായ പ്രതിബന്ധങ്ങളായിത്തീരുന്നതാണു്. രണ്ടു കമ്പനികൾക്കായി ഏർപ്പാടുചെയ്തു കൊടുക്കുന്നതായാൽ യാതൊരു വിഷമവും ഉണ്ടാകുന്നതുമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ പരസ്യത്തിൽനിന്നും വേറെ ഒരു സംഗതിക്കൂടി വിശദമാകുന്നുണ്ട്. ഈ കമ്പനി തന്നെത്താനെ ഏലക്ട്രിസിറ്റി ഉണ്ടാക്കിക്കൊള്ളണം എന്നാണ്. തൃശ്ശൂർപട്ടണത്തിലാണെങ്കിൽ രണ്ടോ നാലോ കമ്പനിക്കാക്ക് വിദ്യുച്ഛക്തി വിലക്കുകൊടുക്കുവാൻ സാധിയ്ക്കും. ആ സ്ഥിതിക്കു ഗവമ്മെണ്ടിൽനിന്നു ഏല്പിക്കുന്ന കമ്പനിക്കു ഡിസ്ട്രിബ്യൂട്ടിംഗ് ഏജൻസി മാത്രമായിട്ടു തൃശ്ശൂരിൽ വിതരണം നടത്തുവാൻ സാധിയ്ക്കും. ഏറണാകുളത്താകട്ടെ ഉൽപാദനവും വിതരണവും വേറെ കമ്പനിക്കു നടത്തുകയും ചെയ്യാം. മേൽകാണിച്ചവിധം തൃശ്ശൂരിലെ കമ്പനി അന്യകമ്പനിക്കാരിൽനിന്നു വിദ്യുച്ഛക്തി വാങ്ങി വിതരണംചെയ്യുകയും ഏറണാകുളത്തുകാർ ഉണ്ടാക്കി വിതരണംചെയ്യുകയും ആണെങ്കിൽ വലിയ മൂലധനംക്രൂടാതെ എളുപ്പത്തിൽ കായ്യം സാധിക്കാം. അല്ലാത്തപക്ഷം ഒരു കൊല്ലത്തിനിടക്കു ഒരു ലക്ഷം പിരിച്ചു രണ്ടു പട്ടണങ്ങളിലും തെമ്മൽസ്റ്റേഷൻ സ്ഥാപിച്ചു വിദ്യുച്ഛക്തി വിതരണംചെയ്യാൻ അത്ര എളുപ്പമുള്ള കായ്യമല്ല. ഈ നിലയിൽ നോക്കുമ്പോൾ ഈ പരസ്യംമൂലം കൊച്ചീക്കാക്ക് വളരെ വിഷമവും ബുദ്ധിമുട്ടും ഉണ്ടെന്നു പറയാതെ നിവൃത്തിയില്ല. അതുകൊണ്ട് ഈ നോട്ടിഫിക്കേഷനിൽ കുറെ ഭേദഗതിവരുത്തി മറെറാരു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തേണ്ടതും, അല്ലാത്തപക്ഷം ഈ നോട്ടിഫിക്കേഷനനുസരിച്ചു കൊച്ചീരാജ്യത്തിൽ ഒരു കമ്പനിയുണ്ടാക്കി ഏറണാകുളത്തേയ്ക്കും തൃശ്ശൂരേയ്ക്കും വിദ്യുച്ഛക്തി വിതരണംചെയ്യാൻ സാധിക്കാത്തതും ആണെന്നാണ് എന്റെ വിശ്വാസം. ആയതിനാൽ മറെറാളുകളിൽനിന്ന് വേണ്ടെന്നു വെച്ചു ലക്ട്രിസിറ്റി വാങ്ങുന്നതിനു മുൻസിപ്പാലിറ്റിക്കോ കമ്പനിക്കാക്കോ വിരോധമില്ലെന്നും, ഇങ്ങിനെ നടത്തുവാൻ നിലവിലുള്ള കമ്പനിയോടും മുനിസിപ്പാലിറ്റിയോടും ഒന്നാമതായി ചോദിച്ചു അവരുടെ അഭിപ്രായം അറിഞ്ഞതിനുശേഷമേ മറുള്ള കമ്പനികൾക്കു കൊടുക്കാൻ പാടുള്ളൂവെന്നുമാണ് ഞാൻ പറയുന്നതു്. ഏറണാകുളം മുനിസിപ്പാലിറ്റിക്കു ഇതു് ഏറുനടത്തുവാൻ പണക്കുറവുകൊണ്ടു സാധിക്കാതെ വരുന്നതായാൽ ഗവമ്മെണ്ടിൽനിന്നും മുനിസിപ്പാലിറ്റിക്ക് ഒരു സംഖ്യ അഡ്വാൻസായി കൊടുത്തു് അതു് പത്തോ ഇരുപതോ കൊല്ലഗഡുവുകളിലായി മടക്കിക്കിട്ടത്തക്കവണ്ണം വേണ്ട ഏർപ്പാടു ചെയ്യണം. അങ്ങിനെ ഏർപ്പാടു ചെയ്യാത്തപക്ഷം ഈ പരസ്യം അനുസരിച്ചു കൊച്ചീരാജ്യത്തു ഒരു കമ്പനിയും ടെണ്ടർകൊടുത്തു പ്രവൃത്തി ഏടുക്കുമെന്നു നമുക്കു ആശിക്കുവാൻ നിവൃത്തിയില്ല. അതിനാൽ പരസ്യത്തിൽ മേൽനിർദ്ദേശിച്ച ഭേദഗതികൾ വരുത്തി രണ്ടു സ്ഥാപനങ്ങൾക്കായി കൊടുത്തു കായ്യനിവ്വഹിക്കുവാനുള്ള സൌകര്യം ഉണ്ടാക്കികൊടുക്കുക. ഈ സംഗതി പ്രത്യേകം എടുത്തുകാണിയ്ക്കുവാനായിട്ടാണ് ഞാൻ ഈ ഉപക്ഷേപം ഈ ഫൌസ് മുമ്പാകെ ഹാജരാക്കീട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. K. Nayar.—What is the point of division. Is the Member requesting the Government to take up the scheme?

Mr. C. R. Iyyunni—If the Government is not going to take it up offer it first to the Municipality and if the Municipality also is not willing to take it up offer it to a private agency.

Mr. K. M. Kunhi Moideen.—The Hon'ble Member is not for Government taking it up?

Mr. C. R. Iyyunni.—I have no objection.

Deputy President.—Do you move for the purpose of asking the Government to take it up?

Mr. C. R. Iyyunni.—In the first instance the Government may take it up. Failing it the Municipality may be asked to take it up. Failing that also two companies, one at Trichur and the other at Ernakulam, may be asked to take it up.

Mr. T. S. Balarama Ayyar.—Sir, I congratulate the Government on the ultimate decision that they have come to not to purchase hydro-electric energy either from Pykara or Pallivasal. The idea of the Government, I understand, is ultimately to generate their own hydro-electric energy. The idea is certainly praiseworthy. But as that would involve a long time and vast amount the Government's idea now appears to be to open two thermal stations, one at Ernakulam and another at Trichur, without delay for the supply of electric energy both for lighting purposes as well as for industrial purposes. This idea is also certainly laudable. I would request the Government to start and work both the Thermal Stations at Ernakulam and Trichur. There would be absolutely no objection to that proposal and I also do not see why the Government should be afraid to take risks in this matter. The prospects are so very rosy: the risks are very very few; the chances of failure are very remote; and a sure and steady source of income they can expect. There cannot be any market depression as far as electric-energy is concerned. Judging from the various electric companies that are working in the different parts of the country we find their shares are selling at even double their face value. Very fat dividends they are declaring. These indicate that starting and working of a concern for the generation and distribution of electricity is attended practically with no risks.

Now, what has the Travancore Government done? As far as Trivandrum is concerned, my information is that even in the

LIBRARY ARCHIVES Kerala Legislative Assembly

very second year the Government has been able to make a profit of 8 per cent on their investment after setting apart a decent amount for depreciation. When the administrative expenditure is increasing every year it is the bounden duty of the Government to tap new sources of income and one of the best and surest sources is electricity. If for any reason the Government is not prepared to take it up my own idea is that the two municipalities of Ernakulam and Trichur should be asked to come forward and take it up. Government may give loans repayable in easy annual instalments, say extending over a period of about 20 years. I believe in Udumalpet—I read it in today's Hindu—Government has done that. The Government has given a loan of Rs. 82,000 to the Municipality repayable, I believe, in the course of 20 years and on the undertaking that the Municipality will be levying a lighting tax to the extent of $2\frac{3}{4}$ per cent on property. Their Municipal income is estimated to be Rs. 5,200 on account of these lighting charges, and they have to pay to the Government only Rs. 4,200. You will find that in the course of 20 years it will become the property of the Municipality without the Municipality investing a single pie on it. The Municipality is doing the work and it is under the management of the Government. A similar thing may be done here also. If the Government is not prepared to do that also, my request is that the business should not be allowed to pass to any foreign concern. As I understand that a deputation is waiting on the Diwan this evening to discuss the terms of the notification about which the Member for Trichur South has been telling us, I sincerely trust that the Government will make the necessary changes.

മിസ്റ്റർ എം. ശിവരാമമേനോൻ.— സർ, ഈ ഉപക്ഷേപത്തെ പിൻതാങ്ങി സംസാരിയ്ക്കുന്നതിൽ എനിയ്ക്ക് അതിയായ സന്തോഷമുണ്ട്. ബഡ്ജറ്റ് ഈ കൌൺസിൽമുമ്പാകെ അവതരിപ്പിച്ചപ്പോൾതന്നെ എനിയ്ക്ക് ഈ സംഗതിയെപറ്റി ഈ നിയമസഭയിൽവച്ചു പറവാൻ ഇടയായിട്ടുണ്ട്. ഗവൺമെണ്ട് ഈ എലക്ട്രിസിറ്റി വിതരണം മുതലയോടുകൂടി ഏറ്റു നിവ്വഹിയ്ക്കുന്നപക്ഷം, അതു ഗവൺമെണ്ടിനുതന്നെ മനഃപൂവ്വം നന്നാകുന്നതെന്നും, ജനങ്ങളുടെ സുഖസൌകര്യാദികൾക്കു വേണ്ടതു ചെയ്തുകൊടുക്കുവാൻ ഗവൺമെണ്ടിനുദ്ദേശമില്ലെന്നും വിചാരിയ്ക്കേണ്ടതായിട്ടാണിരിയ്ക്കുന്നതു്. ഞാൻ ഈ ഏറണാകുളം മുനിസിപ്പാലിറ്റി ചെയർമാൻ ആയതിനുശേഷം പലതവണയും ഇതിനെസംബന്ധിച്ചു ഗവൺമെണ്ടുമായി എഴുത്തുകുത്തുകൾ നടത്തിട്ടുണ്ട്. ക്രടാതെ ബഹുമാനപ്പെട്ട എഞ്ചിനീയർ അവർകളും, ഞാനും, മിസ്റ്റർ പാറയ്ക്കൽ കുഞ്ഞുമേനവനും ചേർന്ന് ഈ വിഷയത്തെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

പലതവണയും ആലോചിക്കുകയും ചെയ്തിട്ടുണ്ട്. മുനിസിപ്പാലിറ്റിയിൽനിന്നും ഈ സംഗതിയെപ്പറ്റി ആലോചിച്ചു തീരുമാനിയ്ക്കുവാൻ ഗവമ്മെണ്ടു് അനുവാദംതന്ന സ്ഥിതിയ്ക്കു് കഷ്ടിച്ചു് അഞ്ഞൂറു രൂപ്പികയോളം ചിലവാക്കീട്ടുണ്ടു്. പിന്നീടു് ഗവമ്മെണ്ടനുമതി മുനിസിപ്പാലിറ്റിയ്ക്കു നൽകാതതിനുശേഷം ഞാൻ ഈ കാര്യം തുടരെത്തുടരെ ഗവമ്മെണ്ടിലേയ്ക്കു് എഴുതിവന്നിരുന്നു. അതിന്റെ ഫലമായി ബഹുമാനപ്പെട്ട എഞ്ചിനീയർമാർകൂടിതന്നെ എറണാകുളത്തും, തൃശ്ശൂരും പ്രത്യേകം പ്രത്യേകമായി ഏലക്ട്രിസിറ്റി നടപ്പാക്കുവാൻവേണ്ടി ഒരു എസ്റ്റിമേറു തയ്യാറാക്കുകയും, അതിന്റെ ഒരു പകർപ്പു് എനിയ്ക്കയച്ചുതരികയും ചെയ്തുണ്ടായി. അതു കണ്ടപ്പോൾ എറണാകുളത്തു് അനവധി വിഷമസ്ഥിതികളുണ്ടെന്നു് എനിയ്ക്കു തോന്നി. അതുകൊണ്ടു് തൃശ്ശൂരിലേയും എറണാകുളത്തെയും കാര്യങ്ങളെപ്പറ്റി വ്യത്യസ്തപ്പെടുത്തി സംസാരിക്കുന്നതു് വളരെ ഔചിത്യമായിരിക്കുമെന്നാണു് എനിയ്ക്കു തോന്നുന്നതു്.

എറണാകുളത്തു് ഇപ്പോൾ ഒരു പൌവ്വർഹൌസ് നടത്തിവരുന്നുണ്ടു്. എറണാകുളം പട്ടണത്തിൽ ഇപ്പോൾ മൂന്നോറാ നാന്നൂറാ യൂനിറ്റ്സ് ആഫ് ഏലക്ട്രിസിറ്റി അവിടെനിന്നും ചിലവുകൂടാതെ ലഭിച്ചുവരുന്നുണ്ടു്. ആ നിലയിൽ ഇപ്പോൾ ജനറേറു ചെയ്തുവരുന്ന പൌവ്വർഹൌസ് ഒന്നുകൂടി വിപുലപ്പെടുത്തിയാൽ എറണാകുളത്തെ വിദ്യുച്ഛക്തിവിതരണം അതുകൊണ്ടുതന്നെ നടത്തുവാൻ സാധിയ്ക്കുമെന്നാണു് എന്റെ അഭിപ്രായം. അതുപോലെ തൃശ്ശൂക്കു് പള്ളിവാസൽ സ്കീമും മതിയാകുന്നതാണു്. ഇതു പക്ഷെ ഗവമ്മെണ്ടിന്റെ ഇപ്പോഴത്തെ പാളിസിയ്ക്കു വിരോധമായി വന്നേയ്ക്കാമെന്നല്ലാതെ അതു നടപ്പിലാക്കുവാൻ പ്രയാസമുള്ളതല്ലെന്നു് ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പർക്കും, ഈ സഭയിലെ മറ്റെല്ലാ മെമ്പർമാർക്കും അറിയാവുന്നതാണു്. കാളേജു പൌവ്വർഹൌസ് ഡ്യൂപ്ലിക്കേറു് എൻജിൻവച്ചിട്ടെങ്കിലും എറണാകുളത്തെ വിദ്യുച്ഛക്തി വിതരണം നടപ്പാക്കിയാൽ അതു ഗവമ്മെണ്ടിന്റെ കയ്യിൽതന്നെ ഇരിക്കുന്നതും, അതുകൊണ്ടു ഇവിടത്തെ ആവശ്യങ്ങൾ മിക്കവാറും കഴിച്ചുകൂട്ടുവാൻ സാധിക്കുന്നതുമാണെന്നാണു് എന്റെ അഭിപ്രായം. അല്ലാത്തപക്ഷം ടാറാ കമ്പനിയിൽനിന്നു കിട്ടുവാനും എളുപ്പമുണ്ടു്.

ഹാർബറിന്റെ നിലാംഘട്ടവും താമസിയാതെ നടപ്പാക്കുമെന്നു് ദിവാൻജിയവർകളുടെ പ്രസംഗത്തിൽനിന്നും വെളിവായിട്ടുണ്ടു്. ആ സ്ഥിതിയ്ക്കു് എറണാകുളം പട്ടണത്തിലേയ്ക്കാവശ്യമുള്ളതും ഹാർബറിന്റെ ആവശ്യത്തിനു വേണ്ടിവരുന്നതുമായ ഏലക്ട്രിസിറ്റി നമുക്കു് ഇവിടെനിന്നു കൊടുക്കുവാൻ സാധിയ്ക്കുമെന്നുണ്ടെങ്കിൽ തീച്ചയായും അവർ നമ്മുടെ പക്കൽനിന്നേ വിദ്യുച്ഛക്തി വാങ്ങുകയുള്ളൂ. അങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകഴിഞ്ഞാൽ അതിൽനിന്നുണ്ടാകുന്ന ലാഭം മുഴുവനും കൊച്ചീരാജ്യത്തെ എല്ലാ ജനങ്ങൾക്കും ഉപകാരപ്രദമായവിധത്തിൽ ചിലവുചെയ്യുവാൻ സാധിയ്ക്കുമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

തൃശ്ശിവപേരൂർ പട്ടണത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ മറ്റുള്ള മുനിസിപ്പാലിറ്റികളേക്കാൾ നല്ലനിലയിലും ധനസംബന്ധമായ കാര്യങ്ങളിൽ സർപ്ലസ് കാണിക്കുന്നവിധത്തിലുമാണ് അവിടത്തെ മുനിസിപ്പാലിറ്റി സ്ഥിതിചെയ്യുന്നതു്. എന്നുമാത്രമല്ല സമീപത്തിൽത്തന്നെ സീതാറാംകമ്പനിയുള്ളതുകൊണ്ടു് അവിടെനിന്നും എത്രത്തോളമെങ്കിലും എലക്ട്രിസിറ്റി മുനിസിപ്പാലിറ്റിയ്ക്കു സപ്ലൈചെയ്യുവാൻ സാധിക്കുന്നതാണു്. അതുകൊണ്ടു് തൃശ്ശിവപേരൂർ പട്ടണത്തിൽ ഇപ്പോൾതന്നെ വിദ്യുച്ഛക്തിവിതരണസൌകര്യങ്ങൾ തയ്യാറായി കഴിഞ്ഞിരിക്കുന്നു. എറണാകുളത്തും ഇപ്പോഴുള്ള പൌവ്വർഹൌസ് കുറച്ചുകൂടി വിപുലപ്പെടുത്തിയാൽമാത്രം മതിയാകുന്നതുമാണ്. എന്നാൽ എലക്ട്രിസിറ്റി സപ്ലൈചെയ്യുന്ന കാര്യത്തിൽ ഗവൺമെണ്ടു് ഇതുവരെ ഇറങ്ങി പ്രവൃത്തിച്ചുകാണാത്തതിനെക്കുറിച്ചാലോചിയ്ക്കുമ്പോൾ മനസ്സിൽ പല ആശങ്കകളും ഉണ്ടാകുന്നുണ്ടു്.

അതുകൊണ്ടു് ബലമായി ഞാൻ ഈ സഭമുമ്പാകെ അഭ്യർത്ഥിയ്ക്കുന്നതെന്തെന്നാൽ, ഗവൺമെണ്ടിൽനിന്നും ഈ വിദ്യുച്ഛക്തിവിതരണകാര്യം ഏറ്റുനടത്തുന്നതിനു പണമില്ലെന്നു പറയുന്നതായാൽ അതു തക്കതായ സമാധാനമാകയില്ലെന്നുള്ള സംഗതി ഗവൺമെണ്ടിനെ ബോദ്ധ്യപ്പെടുത്തി കൺസ്ട്രക്റ്റീവായ ഉപദേശങ്ങൾ കൊടുക്കുവാൻവേണ്ടി നാണഫിഷ്യലായി ഒരു കമ്മിറ്റി രൂപീകരിച്ചു് നമ്മുടെ അഭിപ്രായങ്ങൾ ഗവൺമെണ്ടിനെ ധരിപ്പിക്കുകയും, അതനുസരിച്ചു പ്രവൃത്തിപ്പിക്കുകയും ചെയ്യേണ്ടതാണെന്നാണു്. ഗവൺമെണ്ടു മുനിസിപ്പാലിറ്റിയുടെ അഭിപ്രായംകൂടി അറിഞ്ഞു് ഈ കാര്യത്തിൽ ഇടപെടുവാൻ തയ്യാറില്ലാത്തപക്ഷം നിശ്ചയമായും മട്ടാഞ്ചേരി മെമ്പർ പറഞ്ഞതുപോലെ എറണാകുളം പട്ടണത്തെ സഹായിക്കുവാൻ ഒരു കമ്പനിക്കാരും ഉണ്ടാകയില്ലെന്നു് ഞാൻ ധൈര്യമായി പറയാം. മുനിസിപ്പാലിറ്റിയെന്നുള്ളതു് ഒരു സ്വയംഭരണസ്ഥാപനമാണു്. അതിനു് ഈ ഭാരം വഹിക്കുവാൻ എക്സ്പീരിയൻസില്ല എന്നുള്ള കാരണത്തിന്മേൽ തടയാതെ അതിലേയ്ക്കുവേണ്ടി വിദഗ്ദ്ധനായ ഒരാളെ വയ്ക്കുകയും അയാളെക്കൊണ്ടു കാര്യങ്ങൾ നടത്തിയ്ക്കുകയുംചെയ്തു് ലാഭമുള്ളതു ഗവൺമെണ്ടിനും ബാക്കിയുള്ളതു മുനിസിപ്പാലിറ്റിക്കും എടുക്കുവാൻവേണ്ടി പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

Mr. T. S. Narayana Ayyar.—Without meaning to interrupt the Hon'ble Member, I may say a few words with your kind permission, Sir. I do not accept the suggestion that in the

LIBRARY ARCHIVES Kerala Legislative Assembly

terms of the notification the interests of the subjects of Cochin have been disregarded. The original Notification No. 95 was issued on the 29th of Mithunom 1110 and certain modifications were made by Government by a later notification dated 18-12-1110 as a result of certain representations made to them. The language of this notification would convince Hon'ble Members that Government are really responsive to the representations of the public on this question. Since the notification, there was a meeting of certain citizens of Trichur, and a resolution was passed that a deputation should wait upon the Diwan to discuss this matter. The Diwan has agreed to receive the deputation at 5-30 this evening when it is expected that the whole matter would be discussed in detail by the members of the deputation. The deputation consists of men whose names must inspire confidence regarding their capacity, or ability to represent their case — Messrs. 1. U. Kandir Menon, 2. T. S. Balarama Ayyar, 3. C.A. Ouseph, 4. C. P. Lonappan, 5. P. Raman Menon, 6. C. R Iyyunni and 7. Joseph Petta. A letter from the Secretary of the Trichur Merchants' Association has also been replied to by Government. It is to be expected that some understanding satisfactory to both sides would be come to this evening. Why not we wait till then and defer the consideration of this question to a later day, if necessity should then arise? May I, in view of the statement that I have now made, request the Hon'ble Mover to withdraw his motion at this stage.

Mr. C. R. Iyyunni.—I should like the Hon'ble Member to tell me what the reply is that has been sent to the Merchants' Association in connection with the correspondence that passed between the Government and the Association.

Mr. T. S. Narayana Ayyar.—One point raised by the Hon'ble Mover—and perhaps that is the most important—is whether a license will be given to one and the same person or to two different persons. That will depend upon the nature of the applications received.

Deputy President.—The point is whether Government will take up the undertaking itself or if Government are not prepared to take it up, whether they will give it up to the Municipalities, and if the Municipalities are not willing to take it up whether the concern will be given to two persons in Cochin. This is the definite issue before the House.

Mr. T. S. Narayana Ayyar.—The Hon'ble Mover has said that that he knew that Government were not prepared to

LIBRARY ARCHIVES Kerala Legislative Assembly

take up this work. No such reply was given. It was only said that a decision on this question would be come to only later on.

മിസ്റ്റർ ടി. കെ. നായർ.— സർ, ഈ വിഷയം ബഹുമാനപ്പെട്ട കൊച്ചീ ഗവമ്മെണ്ടും തൃശ്ശിവപേരൂർ മെമ്പറും ക്രൂടി തീരുമാനിക്കേണ്ടതായിട്ടുള്ള ഒരു സംഗതിയായിട്ട ഗവമ്മെണ്ടു ധരിച്ചിരിയ്ക്കുമെന്നാണ് എന്റെ വിശ്വാസം. എന്നാൽ ഇതു അങ്ങിനെയുള്ള ഒരു വിഷയമല്ല. ഈ നിയമസഭയിൽ കൊച്ചീരാജ്യത്തിന്റെ നാനാഭാഗങ്ങളിലുംനിന്ന വന്നിട്ടുള്ള പ്രതിനിധികളുടെ അഭിപ്രായംക്രൂടി ഇതിൽ പ്രകടിപ്പിയ്ക്കുവാൻ അവസരം തരാതെ ഇതിനെ പിൻവലിപ്പിയ്ക്കുവാൻ ശ്രമിക്കുന്ന ഗവമ്മെണ്ടിന്റെ നിലകണ്ട് ഞാൻ വളരെ അത്ഭുതപ്പെടുന്നു. എത്രയോ കാലമായി കൊച്ചീഗവമ്മെണ്ടും അനുദ്യോഗസ്ഥസാമാജികന്മാരും ഒരുപോലെ സമ്മതിച്ചിട്ടുള്ള ഒരു വിഷയമാണ് വിദ്യുച്ഛക്തിവിതരണം. എന്നാൽ അതു എത്രതരത്തിലാണ് വേണ്ടതെന്നമാത്രമേ തീച്ചപ്പെടാതെയുള്ളൂ. രണ്ടുകൊല്ലംമുമ്പു ബഡ്ജറ്റിൽ ചീഫ് എഞ്ചിനീയർകൾ ര ലക്ഷം രൂപാ രണ്ടു സ്ഥലങ്ങളിലേയും വിദ്യുച്ഛക്തിയുടെ ആവശ്യത്തിന്നായി കൊണ്ടുവരികയും, ഒരു പൈപ്പാലും അതിൽനിന്ന കുറയ്ക്കാതെ ഈ നിയമസഭ അനുവദിച്ചുതരികയും ചെയ്തിട്ടുണ്ട്. അതിനുശേഷം ഗവമ്മെണ്ടിനു മാത്രം അറിയാവുന്നതായ ഏതോ ചില സംഗതികൾകൊണ്ട് പള്ളിവാസൽ സ്കീമാണെന്നോ, പൈക്കാറ സ്കീമാണെന്നോ പറഞ്ഞിട്ട് ആ ര ലക്ഷം ഉറുപ്പികയിൽ യാതൊന്നും ചിലവുചെയ്യാതെവച്ചു. ഇപ്പോഴും അനുദ്യോഗസ്ഥസാമാജികന്മാക്ക് ഈ വിഷയത്തിൽ അഭിപ്രായവ്യത്യാസമില്ല. അന്ന് പൈക്കാറയിൽനിന്നും കൊണ്ടുവരരുതു് എന്നൊരു ഉപക്ഷേപംവഴിയായി ഗവമ്മെണ്ടിനെ ധരിപ്പിയ്ക്കുകയുണ്ടായി. എന്നാൽ ആ സംഗതിയെ സംബന്ധിച്ചു ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ അവർകൾ മറുപടി പറഞ്ഞു അനുദ്യോഗസ്ഥസാമാജികന്മാരെ മനസ്സിലാക്കിയതുകൊണ്ടു് യാതൊരാളും അതിനെ എതിർക്കുകയുണ്ടായില്ല. പെരിങ്ങൽക്കുത്തു് ഹൈഡ്രോ ഏലക്ട്രിക്ക് സ്കീംതന്നെ നടപ്പാക്കാൻ പോകുന്നുവെന്നും, എന്നാൽ ഹാർബർ, റയിൽവെ മുതലായവയ്ക്കു ഒരു ലക്ഷം ഉറുപ്പിക വേണ്ടി വരുമെന്നുള്ളതുകൊണ്ടു് തല്ക്കാലം ചാലക്കുടി കണക്ഷനും വേണമെന്നു പറഞ്ഞതനുസരിച്ചു് അതും ഞങ്ങൾ സമ്മതിച്ചു. ക്രൂടാതെ വേറെ ഒരു ഡ്രിസ്ക്രിപ്ഷൻക്രൂടി പറഞ്ഞതായി എനിക്ക് ഓർമ്മയുണ്ട്. പൈക്കാറയിൽനിന്നു എടുക്കുവാനുള്ള പ്രധാനകാരണം, കൊച്ചിഗവമ്മെണ്ടിനു സാധിക്കാത്തതായ ചില സംഗതികൾ അവക്ക് സാദ്ധ്യപ്പെടുമെന്നുള്ളതാണ്. അതു് ഈ നിയമസഭയെ പറഞ്ഞു ധരിപ്പിച്ച അവസരത്തിൽ ഞങ്ങൾക്കു കുറെ ബാദ്ധ്യംവന്നു. എന്നാൽ ഇപ്പോൾ ഇതാ തരത്തിൽവരുന്നു! കൊച്ചീഗവമ്മെണ്ടു് ഇന്നു യാതൊന്നും ചെയ്യുണ്ടോ; ഞങ്ങൾ ലൈ

LIBRARY ARCHIVES Kerala Legislative Assembly

റു തരാം എന്ന്, ഒരു വ്യാപാരംപോലെ. എത്രയോ കാലമായി ഈ നിയമസഭയിൽ ഇൻറസ്ട്രിയലൈസേഷൻ എന്ന സംഗതിയെപ്പറ്റി പ്രസ്താവിച്ചതിന്റെ ഫലം ഇതാണോ? പോട്ടറീസിന്റെ കാര്യത്തിൽ ഞങ്ങൾ എന്തെങ്കിലും അനാവശ്യം പറഞ്ഞിട്ടുണ്ടോ? ടാനറ് സ് വക്ക് ചെയ്യണമെന്ന് ഞങ്ങൾ എത്രപ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഈവക വിഷയങ്ങളിൽ ഞങ്ങൾക്കു യാതൊരു വിരോധവുമില്ലെന്ന പല അവസരങ്ങളിലും ഈ സഭയിൽവച്ചു ഞങ്ങൾ ഗവൺമെണ്ടിനെ ധരിപ്പിച്ചതു പോലെ ഇപ്പോഴത്തെ ഉദ്ദേശത്തിനു പ്രധാന കാരണമെന്താണ്; ഡെപ്യൂട്ടേഷൻ കണ്ടോന്നും പരിഭ്രമിയ്ക്കുന്ന നിയമസഭയല്ലെങ്കിൽ ഈ നിയമസഭ കൂടിയ അവസരത്തിൽ ഇതിന്റെ അഭിപ്രായമെന്താണ്; നാനാസ്ഥലങ്ങളിൽനിന്നും ഇവിടെ വന്നിട്ടുള്ള ജനപ്രതിനിധികളുടെ അഭിപ്രായമെന്താണ്; എന്നിവാൻവേണ്ടിയെങ്കിലും നാലുലക്ഷമോ അഞ്ചുലക്ഷമോ കൊച്ചീഗവൺമെണ്ടിനു രണ്ടുകാലം എടുക്കുവാനില്ലെന്നവന്നാൽക്കൂടിയും ഉടനെ ഒരു ലാൺ റെയിസ് ചെയ്തിട്ട് ഗവൺമെണ്ടു പ്രവൃത്തിതുടങ്ങണമെന്നാണു ഞാൻ പറയുന്നതു്. അങ്ങിനെകൊച്ചിഗവൺമെണ്ടിനു ഈ എലക്ട്രിക്ക് സ്കീം നടപ്പാക്കുവാൻവയ്യ എന്നുണ്ടെങ്കിൽ നിങ്ങളെല്ലാം രാജിവച്ചുപോകുക; ഞങ്ങൾ നടത്താം എന്നു പറഞ്ഞാൽ നിങ്ങൾ സമ്മതിയ്ക്കുവാൻതയ്യാറില്ല. എന്നാൽ നേരെമറിച്ചു് നിങ്ങൾ പറയുന്നതു ഞങ്ങൾ സമ്മതിയ്ക്കുന്നുമുണ്ട്.

ഓരോ സ്ഥലത്തുനിന്നും വരുന്ന അതാതു ദിവാൻജിമാർക്ക് അവരവർക്ക് തോന്നുംപോലെ ചിലവാക്കാനുള്ളതല്ല കൊച്ചീരാജ്യത്തിലെ പണം എന്നു് ദിവാൻജിയവർകളെ ധരിപ്പിയ്ക്കുവാനായി ഞാൻ സിക്രട്ടറി അവർകളോടു് അപേക്ഷിച്ചുകൊള്ളുന്നു. ഈ വിഷയം ഗവൺമെണ്ടിൽനിന്നും ഏറെത്തു നടത്താത്തപക്ഷം അനുദ്യോഗസ്ഥസാമാജികന്മാരായ ഞങ്ങൾ ഇതിൽ എടുക്കേണ്ടതായ നയമെന്താണെന്നു ഞങ്ങൾക്കറിയാം. അതുകൊണ്ടു് ഗവൺമെണ്ടു ഈ വിഷയത്തിൽ എടുത്തിട്ടുള്ള നയമെന്താണെന്നു പരസ്യമായി പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ കെ. അയ്യപ്പൻ.— ഈ ഉപക്ഷേപം അവതരിപ്പിച്ച മെമ്പരുടെ ഉദ്ദേശം അദ്ദേഹത്തെക്കൊണ്ടു് ഒടുവിൽ വിശ്വസിപ്പിച്ചതു മാതിരിയല്ലെങ്കിലും അദ്ദേഹവും ഒടുവിൽ ഈ സഭയുടെ അഭിപ്രായത്തോടുകൂടി യോജിയ്ക്കുമെന്നാണു് എന്റെ വിശ്വാസം. എലക്ട്രിസിറ്റി കുത്തക, തൃശ്ശൂരിലെ കുറെ ആളുകൾക്കുമാത്രം കൊടുക്കണോ, അതോ ഗവൺമെണ്ടുദ്ദേശിയ്ക്കുന്നമാതിരി പോകണോ എന്നുള്ള വടംവലിയാണ് ഇപ്പോൾ നടക്കുന്നതു്. അതിനു് ഈ നിയമസഭ സമ്മതിയ്ക്കുന്നതു ഈ രാജ്യത്തിനു വലിയൊരു അനർത്ഥമായിരിക്കും. കുത്തക പ്രൈവറുകമ്പനികൾക്കു സമ്മതിച്ചുകൊടുക്കണമെന്നാണെങ്കിൽ തൃശ്ശൂർ മെമ്പരുടെ അഭിപ്രായം പിടികിട്ടുമല്ലൊ. രണ്ടു സ്ഥലത്തുള്ള രണ്ടു കമ്പനി

LIBRARY ARCHIVES Kerala Legislative Assembly

കളെ ഏൽപ്പിച്ചാൽ എലക്ട്രിസിറ്റിയുടെ വിലക്കുറവിനേ ഇടയുള്ളൂ. അതുകൊണ്ട് രണ്ടുക്രോടി ഒന്നായിട്ട വിലകുറച്ചു എടുക്കുവാനാണ് നോക്കേണ്ടതു്. ഈവക ന്യായങ്ങൾ സിക്രട്ടറി അവർകൾ പറയാതിരിക്കുവാനാണ് ആദ്യമേ അങ്ങോട്ട പറയുന്നതു്. ഈവക കാര്യങ്ങളെല്ലാം കൊച്ചീഗവമ്മെണ്ടതന്നെ എടുത്തുനടത്തണം. എറണാകുളം മുനിസിപ്പാലിറ്റിയിലെ ഉത്തരവാദപ്പെട്ട ചെയർമാൻ പറഞ്ഞിരിക്കുന്നതാൻ ഇതു ഏറുനടത്താമെന്നു്. ആ സ്ഥിതിക്കു കൊച്ചീദിവാൻജിയവർകൾക്കും സിക്രട്ടറി അവർകൾക്കും ഒരു മുനിസിപ്പാലിറ്റി ചെയർമാനെപ്പോലെ ഇതു ഏറെറടുത്തു നടത്താമെന്നു പറയുവാൻ പാടില്ലേ എന്നാണ് ഞാൻ ചോദിക്കുന്നതു്. കടംവാങ്ങാനുള്ള അധികാരം മുനിസിപ്പാലിറ്റിക്കു കൊടുത്താൽ താൻ നടത്താമെന്നു് മുനിസിപ്പാൽ ചെയർമാൻ സധൈര്യം പറയുന്നു. കടംവാങ്ങാനുള്ള അധികാരം സ്വതേതന്നെ ഉള്ള കൊച്ചി ഗവമ്മെണ്ടിനു പിന്നെ ഇതു നടത്തുവാൻ ഒരു പ്രയാസവും ഇല്ല.

ഇതു ഈ രാജ്യത്തിന്റെ ഏറവും വലുതായ ഒരു റിസോഴ്സാണു്. അതുകൊണ്ടു് ഇതു പ്രൈവറുകമ്പനികൾക്കു കൊടുക്കണമെന്നുള്ള കാര്യംതന്നെ മാറണം. കൊച്ചീഗവമ്മെണ്ടു് തന്നെ ഏറെറടുത്തു നടത്തണമെന്നാണ് ഞങ്ങളാവശ്യപ്പെടുന്നതു്.

തൃശ്ശൂരിലേയും, എറണാകുളത്തേയും മെമ്പർമാർ ഈ കാര്യത്തിനു ഉദ്ദേശിച്ചിട്ടുള്ളതായ സംഗതികളെല്ലാംതന്നെ മാറിവയ്ക്കുക; അതോടുക്കൂടി വേറെ വല്ല യുക്തികളും നിങ്ങൾ ആലോചിച്ചിട്ടുണ്ടെങ്കിൽ അതും മാറിവയ്ക്കുക. നമുക്കു കൊച്ചീഗവമ്മെണ്ടിനെക്കൊണ്ടുതന്നെ ഈ എലക്ട്രിസിറ്റിസ്കീം ഏറെറടുപ്പിച്ചു നടപ്പാക്കണം. അതിനുവേണ്ടി നിങ്ങളെല്ലാം ഒന്നിച്ചുചേന്നു് ഒരൊറെറ എതിരുംകൂടാതെ ഇതു പാസ്സാക്കണമെന്നാണ് എനിയ്ക്കു പറയുവാനുള്ളതു്.

Mr. T. S. Narayana Ayyar.—Sir, the only issue before the House is whether Government are prepared to take up the scheme on their own responsibility. It is a problem which is beset with many difficulties. In the first place, there is the question of funds. Government have got various commitments in hand already. They have raised a very big loan of 75 lakhs in connection with capital works for the Harbour and the Railway. The question of the fourth stage works of the Harbour is pending decision and our contribution may be required to be released at any moment. It would be unwise at this stage for Government to embark on capital expenditure of an additional Rs. 5 or 10 lakhs for another purpose immediately. That is one consideration. The proposal therefore is that a Company registered in Cochin might be asked to undertake the scheme.

LIBRARY ARCHIVES Kerala Legislative Assembly

There is a stipulation that not less than 50 per cent of the shares should be open to Cochinites. Government are also prepared to consider the question of taking up shares in this Company, so that between the Government and the people of the State it may be possible to subscribe the whole capital of the Company.

Mr. M. Sivarama Menon.—The Hon'ble Secretary to the Government in his reply told the House that it would cost the Government 8 to 10 lakhs of rupees. Will the Hon'ble Member for Engineering confirm that for the requirements of Trichur and Ernakulam for the next 5 years this sum will be required?

Mr. V. K. Aravindaksha Menon.—Sir, the amount of capital to be invested for the generation of electricity depends upon the power and the scope which is to be covered by the Company. The present idea of the Government is not only to supply power for lighting purposes but also for industries. In that case the power station which the Government have to instal has to be of a much larger capacity than would be necessary if we are to supply electricity for domestic purposes alone. It is expected that within the next 10 or 15 years the Capital which will be necessary to instal sufficient machinery for this purpose may exceed even 8 or 10 lakhs. The area covered will be large. From the Trichur power station it may be necessary to have power to Kunnamkulam on one side and Pudukad or Chalakuddy on the other side. The distribution lines have to be much long and the amount of power required has also to be increased. In that case the ultimate cost of capital for putting up machinery may come to about 8 or 10 lakhs of rupees in the course of 10 or 15 years.

Mr. C. R. Iyyunni.—I press the motion to a division.

Motion put and carried.

Motion No. 61.

Mr. E. Ikkanda Warriar.—*To reduce the allotment of Rs. 40,780 for Sanitation and conservancy by Re. 1. (The necessity of providing public latrines in Ollur and Edakkunni Villages).*

Sir, there was some open space here and there in that locality in Ollur and that open space was used as public latrine by the public and a large army of pigs were the scavengers in that place. Now on account of the over-crowding all the avail-

LIBRARY ARCHIVES Kerala Legislative Assembly

able maidans were fenced up and there is no public latrine and the people are compelled to use the sides of the public roads as latrines. The large army of scavengers are also not able to cope with the situation. I therefore request that the Government may be pleased to build latrines in the proximity of tanks which exist in Ollur and Edakkunni.

Dr. E. S. R. Menon.—Sir, as the Hon'ble Member is aware it is only recently that I took charge of the Panchayat Department also. It was the Panchayats that was attending to these things at Ollur. Now that I have taken charge of it I will consider it in the next years' budget. I only request the Hon'ble Member to persuade some people of the locality to show me some site where I can build the latrines. It has been my experience that whenever public latrines are constructed in public places, the neighbouring people of the locality raise objections. Therefore I only request the Hon'ble Member for Oorakam to show me a suitable site for the purpose.

Mr. E. Ikkanda Warriar.—I shall of course do my best to select the site. On this assurance I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

Motion No. 62.

Mr. K. Ayyappan.——*To reduce the allotment of Rs. 40,780 for Sanitation and Conservancy by Re. 1. (To request the Government to give a public cremation ground for the Ezhuvas and Valans of Edacochi).*

സർ, എടക്കൊച്ചിയിൽ വാലന്മാരും ഈഴവരും പബ്ളിക്ക ശ്മശാനത്തിനുവേണ്ടി ഗവമ്മെൻറിനോടപേക്ഷിയ്ക്കുവാൻ തുടങ്ങീട്ട് വളരെ കാലമായി. എടക്കൊച്ചിയിൽ നമ്മ സെൻറുള്ള ഒരു സ്ഥലത്തു് ഇപ്പോൾ ഫ്ര വീടകൾവരെ ആയിട്ടുണ്ട്. അവിടെ അവക്ക ശവം കഴിച്ചിടുന്നതിനും മറും യാതൊരു സൌകര്യവുമില്ലാതെ വളരെ ബുദ്ധിമുട്ട നേരിടുന്നുണ്ട്. ഇപ്പോൾ ഗവമ്മെൻറിൽനിന്നും അധ്യക്ഷതക്കുവേണ്ടി ഒരു ശ്മശാനത്തിന് പള്ളുരുത്തിയിൽ സ്ഥലം കൊടുക്കുവാൻ ഉദ്ദേശിയ്ക്കുന്നുണ്ട്. ആ സ്ഥലത്തോടു തൊട്ടുതന്നെ വേറെയും സ്ഥലം കിടക്കുന്നുണ്ട്. ആ സ്ഥലവുംകൂടി എടുത്തു് വാലന്മാക്കും ഈഴവക്കും ആയിട്ട കൊടുത്താൽ അവക്ക് അതു വളരെ ഉപകാരമായിരിയ്ക്കും. അതു ചെയ്യുവാൻ ഗവമ്മെൻറിനു വിരോധമുണ്ടായിരിയ്ക്കയില്ലെന്നാണ് എൻെറ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. J. Alexander.—I very strongly support the motion, for Edacochi is a very thickly populated area and it is the centre of an industry forpreparing mortar from oister shells. For that reason the atmosphere is almost always insanitary because of the smell emanating from the kilns there. Added to that it is a centre of the fishing industry also so that the people are very much inconvenienced for fresh air. If each family has to bury the dead by the side of their houses it will occasion great discomfort and may lead to the outbreak of various diseases.

മിസ്റ്റർ എം. എ. ശങ്കുണ്ണി.—ഈ അവസരത്തിൽ എനിയ്ക്ക് ഈ ഉപക്ഷേപത്തെ സംബന്ധിച്ചുള്ള ഒരു സംഭവത്തെകുറിച്ചാണ് ആദ്യമായി പറയുവാനുള്ളത്. രണ്ടുമൂന്നു കൊല്ലങ്ങൾക്കു മുമ്പായിട്ട് അവിടെ ഉണ്ടായ ഒരു കലഹത്തിനിടയ്ക്ക് സ്വന്തമായി സ്ഥലം ഇല്ലാതിരുന്നതായ ഒരു വാലൻ അവന്റെ വീട്ടിൽ ഒരു മരണമുണ്ടായപ്പോൾ ആ ശവത്തെ കടൽവാരത്തു കൊണ്ടുപോയി കുഴിച്ചിടുകയാണു ചെയ്തത്. അതുപോലെതന്നെ അവിടെയുള്ള ഈഴവക്കും സ്വന്തമായ സ്ഥലമില്ല. വാലന്മാർക്കാണെങ്കിൽ കഷ്ടിച്ച് രണ്ടോ മൂന്നോ ആളുകൾക്കു മാത്രമേ സ്ഥലം ഉള്ളൂ. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെൻറ് എന്തെങ്കിലും ഉടനടി ചെയ്യാതെ നിവൃത്തിയില്ല. ഈ പറഞ്ഞ ആളുകൾ കൂടാതെ നാനാ സമുദായക്കാരും ഏടക്കൊച്ചിയിൽ താമസിയ്ക്കുന്നുണ്ട്. അതായത് വേലന്മാർ, ചാലിയന്മാർ മുതലായ സമുദായക്കാരാണ്. ഗവൺമെൻറിൽ നിന്നും ഈ കാര്യം ചെയ്യുകൊടുക്കുന്നതോടുകൂടിതന്നെ ഇവരുടെയും കാര്യം പ്രത്യേകം ശ്രദ്ധിയ്ക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

Dr. E. S. R. Menon.—Sir, in my budget proposal for 1111 I had provided for a sum of Rs. 2000 for the opening of a cremation ground. On account of paucity of funds it was not sanctioned. When funds are available I shall certainly try to provide for a cremation ground.

മിസ്റ്റർ കെ. അയ്യപ്പൻ — ഗവൺമെൻറ് ഇതു ഫണ്ടില്ലെന്നു പറഞ്ഞു ഒഴിയ്ക്കുണ്ട ഒരു കാര്യമല്ലെന്നു ഒരിയ്ക്കൽക്കൂടി ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളുന്നു. പുതിയ പഞ്ചായത്തു രജിസ്ട്രാരവർകൾ ഈ കാര്യത്തിൽ അവിടത്തെ സ്ഥിതികൾ മുഴുവൻ അറിയാത്തതുകൊണ്ടാണ് അതിലേയ്ക്ക് സംഖ്യ അനുവദിയ്ക്കാത്തതെന്നു ഞാൻ വിചാരിയ്ക്കുന്നു. അതുകൊണ്ട് അടുത്ത അവസരത്തിലെങ്കിലും ഈ കാര്യത്തിലെന്തെങ്കിലും ചെയ്യാൻ കൊള്ളാം. ഞാൻ ഒരിയ്ക്കൽക്കൂടി പറയുന്നു ഒരു സെൻറ് സ്ഥലത്തു പോലും വീടുകളുള്ള ആ സ്ഥലത്തു ശ്മശാനമില്ലാഞ്ഞാലുണ്ടാകുന്ന സങ്കടം എത്രയായിരിയ്ക്കുമെന്ന് ഗവൺമെൻറ് ഓർക്ക

LIBRARY ARCHIVES Kerala Legislative Assembly

ണം. ഇത്രമാത്രമേ എനിയ്ക്ക് ഇതിനെക്കുറിച്ചു പറയുവാനുള്ളൂ. ഞാൻ ഇതു പ്രസ്സുചെയ്യുന്നില്ല.

Motion was, with leave, withdrawn.

Motion No. 63.

Mr. K. S. Manickam.—*To reduce the allotment of Rs. 40,780 for sanitation and conservancy by Re. 1. (The necessity of constructing a waiting shed in the bus stand at Irinjalakuda).*

Sir, the object of the cut motion is the necessity of constructing a waiting shed for the bus stand at Irinjalakuda. The buses share along with the other means of conveyance resorted to by the public like Tramways and frequently running electric Trains. It is a curse that they are least available when they are most wanted. A person with the intention of catching a particular bus goes to the bus stand and finds that all other buses plying in various other directions come and go. The particular bus which he requires is not available. It is not even sighted at least for some time. Naturally he has to wait for some time. The question is where is he to wait? Under the existing conditions he has to wait either on the side of the road or has to seek the generosity of adjacent shop keepers. During summer days it is very convenient for him to resort to the shelter of a big banyan tree or to the verandah of a shop. But during winter there is no other place, to render him shelter. The last person that the busy shop keeper would expect in his shop on a rainy day is an idle customer who does not want to buy anything. The difficulty is aggravated when this particular person is followed by a family consisting of many children (Laughter). Difficulties are greater still if that particular person, with due respect to the community, happens to be a Brahmin with a wife and half a dozen disobedient children (Laughter). These children will be wandering about on the road causing annoyance to the travelling public and to the bus driver. In order to obviate this difficulty I want to bring to the attention of the Government the urgent necessity of constructing a waiting shed at Irinjalakuda. Next to Trichur, Irinjalakuda is a place where bus traffic is very high. Buses ply in various directions from this place. But unlike Trichur this is not a starting place for many buses. People have to wait in the bus stand to catch buses plying in all directions. Buses ply from Trichur to Karupadanna and if a person wants to catch a bus to Trichur, the bus from Karupadanna has to touch at Irinjalakuda, carry passengers and then proceed to Trichur. If there are buses standing there and if these waiting buses proceed on the journey, of course, then persons can safely

LIBRARY ARCHIVES Kerala Legislative Assembly

get into it. We know the nature of the conductors too. They are overobliging when it is the case of their getting some customers. But the case is quite different here. As circumstances exist I only wish to draw the attention of the Government to the urgent necessity of constructing a waiting shed at Irinjalakuda. In this connection I also wish to bring home to them the fact that there is open space near the recently constructed bus stand and if they require some additional space they can as well encroach upon the neighbouring building which is an Industrial Institute. With these words, I commend the motion to the acceptance of the House.

Dr. E. S. R. Menon—Sir, we have decided to take up the work next year and have provided the necessary funds for the purpose.

Mr. K. S. Manickam.—After thanking the Director of Public Health, I beg leave of the House to withdraw my motion.

Motion was, with leave, withdrawn.

Motion No. 64.

Mr. K. S. Manickam.—*To reduce the allotment of Rs. 40,780 for Sanitation and Conservancy, by Re. 1. (The necessity of sinking more wells in the market at Irinjalakuda and deepening the already existing wells).*

Sir, the necessity for good water especially during summer months need not be preached on the Floor of this House, just like a sermon. Almost all the Members here would have heard it more often than myself. There are two or three wells in the market at Irinjalakuda. Some huts lying on the outskirts of these markets have to resort to these wells for their supply of water. The market and the surrounding areas situated as they are on a hilly place, there is no doubt some difficulty to obtain good water and that too at a reasonably low level. During winter months, I mean the rainy season, the difficulty is not very great, but during summer months when we feel the necessity of water more there is great difficulty in so far as the existing wells dry up. The market being a crowded place where lots of people have to resort to and the adjacent people not having any other means to obtain pure water I wish only to draw the attention of the Government to the urgent necessity of deepening the already existing wells and sinking more wells. In the case of sinking wells, I wish to suggest to the Hon'ble Member for

LIBRARY ARCHIVES Kerala Legislative Assembly

Public Health that he can at least as an experiment resort to the methods of sinking artisan wells. They will be cheaper and the location of the market demands artisan wells rather than open wells. The public slaughter house is very near, and there will be the fear of contamination. So it is advisable to construct artisan wells in this place as it is cheaper and the source of contamination being less, the water will be purer. With these words, I commend this to the acceptance of the House.

Dr. E. S. R. Menon.—I do admit that Irinjalakuda is the biggest market in the State. It fetches the greatest revenue. The amount for the deepening of the already existing wells will be provided for in the next year's P. C. R. Estimates. About the sinking of more wells, according to the availability of funds in the Irinjalakuda Town Improvement Works, it will be provided for.

Mr. K. S. Manickam.—I beg to withdraw the motion.

Motion was, with leave, withdrawn.

Motion No. 65.

Mr. T. A. Ramachandra Ayyar.—*To reduce the allotment of Rs. 40,780 for Sanitation and Conservancy by Rs. 20,000. (For utilising more amount to village parts than towns.)*

സർ, ഈ പബ്ളിക്ക ഹെൽത്ത ഡിപ്പാർട്ടമെൻറിൻെറ ആവിർഭാവം കണ്ടപ്പോൾ നാട്ടുപുറങ്ങളിൽ എന്തെങ്കിലും ചില സഹായങ്ങൾ ഉണ്ടാകുമെന്നാണ് ഞങ്ങളെല്ലാവരും വിശ്വസിച്ചിരുന്നത്. ആ ഉദ്ദേശത്തോടുകൂടിയാണ് വൈദ്യവകുപ്പിൽനിന്നും ഈ ഡിപ്പാർട്ടമെൻറ തിരിയ്ക്കുവാനായി ഞങ്ങൾ ഇവിടെ ശ്രമം പിടിച്ചത്. അങ്ങിനെ പിരിച്ചതിനു ശേഷവും പണ്ടുപിരിവിനു മാത്രമായിട്ടുള്ള ഒരു ഡിപ്പാർട്ടമെൻറ് എന്നല്ലാതെ അനുഭവംകൊണ്ട് യാതൊരു സഹായവും നാട്ടുപുറങ്ങളിൽ ലഭിയ്ക്കുന്നില്ലെന്നു ബോദ്ധ്യമായിട്ടുണ്ട്. അവർ ഒരു പ്രത്യേക കരമാണ് പിരിയ്ക്കുന്നതെന്നു മനസ്സിലാക്കണം. മുനിസിപ്പാലിറ്റിയിൽനിന്നും കരം പിരിച്ചു വരുന്നുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിക്കാർ പിരിയ്ക്കുന്ന പണം ആ ടൌണിനുള്ളിൽ താമസിയ്ക്കുന്ന ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി പല കാര്യങ്ങൾക്കുമായി ഉപയോഗിച്ചു വരുന്നുണ്ട്. അല്ലാതെ ടൌണിനുള്ളിൽനിന്നു പിരിയ്ക്കുന്ന സംഖ്യയിൽ ഒരു പൈപോലും അവർ ടൌണിനു പുറത്തു ചിലവുചെയ്യുന്നില്ല. ഹെൽത്ത ഡിപ്പാർട്ടമെൻറിലെ പണപ്പിരിവു നോക്കിയാൽ അധികം പണവും നാട്ടുപുറങ്ങളിൽനിന്നാണ് പിരിഞ്ഞുകിട്ടുന്നത്. അത് കൊ

LIBRARY ARCHIVES Kerala Legislative Assembly

ല്ലാകൊല്ലം വർദ്ധിച്ചുവരുകയും ചെയ്യുന്നു. കഴിഞ്ഞകൊല്ലം ചില സ്ഥാപനങ്ങൾക്ക് മൂന്നുപ്പികയായിരുന്നതു് ഈ കൊല്ലം മുപ്പതുറുപ്പിക ആക്കീട്ടുണ്ടു്. ഇങ്ങിനെ മുപ്പതുറുപ്പിക വീതം പിരിയ്ക്കുന്ന സ്ഥാപനങ്ങൾ ഒരു നാഴികയ്ക്കുള്ളിൽ പത്തും ഇരുപതും ഉള്ളതായി എനിയ്ക്കറിയാം. ഈ ഡിപ്പാർട്ടുമെൻറിൽനിന്നും പിരിയ്ക്കുന്ന സംഖ്യ ഇൻസ്പെക്ടർമാർക്കു ശമ്പളം കൊടുക്കുവാൻ മാത്രമല്ലാതെ നാട്ടുകാർക്കുവേണ്ടി ഒരു പൈപോലും ചിലവാക്കുന്നില്ല. പണംപിരിയ്ക്കുവാൻവരുന്ന സമയം അതിലെ ഉദ്യോഗസ്ഥന്മാരെ നാട്ടുകാർ കാണുന്നതല്ലാതെ ബാക്കി അവസരങ്ങളിലൊന്നും അവരെ അടുത്തെങ്ങും കാണുവാൻക്രൂടി സാധിയ്ക്കുകയില്ല. ഇപ്രകാരം നാട്ടുപുറങ്ങളിൽനിന്നും ഒരു വലിയ സംഖ്യ പിരിച്ചെടുത്തിട്ടു് അതെല്ലാം തെക്കോട്ടു കൊണ്ടുപോയി ചിലവുചെയ്യുന്ന നയം വളരെ തെറ്റായിട്ടുള്ളതാണു്. ഈ ബഡ്ജറു നോക്കിയാൽ ഇവരുടെ ചിലവു് തൃപ്പൂണിത്തുറ, ഇരിങ്ങാലക്കുട, നെന്മാറ, ചാലക്കുടി, മട്ടാഞ്ചേരി, എറണാകുളം മുനിസിപ്പാലിറ്റി ഇങ്ങിനെയുള്ള സ്ഥലങ്ങളിലല്ലാതെ നാട്ടുപുറങ്ങളിലേയ്ക്കുള്ള യാതൊരു Item-വും ഇതിൽ കാണുവാനില്ല. ഇതു് വളരെ ശോചനീയമായ ഒരവസ്ഥയാണു്. അതുകൊണ്ടു് നാട്ടുപുറങ്ങളിലെ ആവശ്യത്തിനുംക്രൂടി എന്തെങ്കിലും ഒരു തുക നീക്കിവെയ്ക്കേണ്ടതാണെന്നു് അപേക്ഷിയ്ക്കുവാനാണു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— പട്ടണങ്ങൾ പാടില്ലെന്നുള്ള ഒരഭിപ്രായം എനിയ്ക്കില്ല. എന്നാൽ കഴിയുമെങ്കിൽ രാജ്യം മുഴുവൻ പട്ടണമായാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്ന ഒരാളാണു് ഞാൻ. പക്ഷെ അങ്ങോട്ടാണോ ഗതിയെന്നുള്ളതു് നാലുവശത്തും കണ്ണുതുറന്നു നോക്കിയാൽ കാണാം. ആ ഒരു ശ്രമത്തിനിടയ്ക്കു നാട്ടുപുറങ്ങളെ വിസ്മരിയ്ക്കുന്ന നയത്തോടും എനിയ്ക്കു ശക്തിയായ പ്രതിഷേധമാണുള്ളതു്. ബഹുമാനപ്പെട്ട മെമ്പർമാർ രാവിലത്തെ ഒരു ചോദ്യത്തെക്കുറിച്ചു് ഓർക്കണം. ചില പ്രത്യേക വില്ലേജുകളിലെ വരവു് എത്രയെന്നും, സൂഷ്മപരമായി അവിടെ ചെയ്തിട്ടുള്ള ചിലവു് എത്രയെന്നും ഒരു ചോദ്യമുണ്ടായി. സാധാരണ ചോദ്യം ചോദിച്ചാൽതന്നെ നീ ആരെടാ എന്നു പറയുന്ന ഗ്രൂപത്തിലാണു് ഇതിനും മറുപടിയുണ്ടായതു്. അതിൽനിന്നുള്ള വരവെത്രയെന്നു പറഞ്ഞു, ചിലവിൻറെ കാളം വന്നപ്പോൾ യാതൊന്നുമില്ല. എല്ലാം ഉണ്ടു്, തലമാത്രമില്ല എന്നുപറഞ്ഞക്രൂട്ടത്തിലായി. ആ ചോദ്യത്തിൻറെ സത്ത് ജീവനും ഉള്ളതു് ചിലവു് ഇനത്തിലാണു്. അതിനെപ്പറ്റി അറിയാമോ? അറിഞ്ഞു പറയുവാൻ ശ്രമിക്കുമോ? എന്നുചോദിച്ചാൽ നിവൃത്തിയില്ല എന്നാണു് മറുപടി പറയുന്നതു്. എന്നാൽ പിന്നെ അതിനൊരു രക്ഷപ്പെടേണ്ട സ്ഥാനത്തുനിന്നുമുണ്ടായ രക്ഷയാണെങ്കിൽ അതൊരു വലിയരക്ഷതന്നെയാണു്. ഈ ജാതിയിലുള്ള ഒന്നാണു് നമ്മുടെ അസംബ്ലീസം എന്നുവരികിൽ നമുക്കു് ഇതു കേരം

LIBRARY ARCHIVES Kerala Legislative Assembly

ക്കാനുള്ളവരെ കേൾപ്പിച്ചാൽ കൊള്ളാം. അതുകൊണ്ട് പട്ടണങ്ങളേയും ഗ്രാമപ്രദേശങ്ങളേയും ഒന്നു തിട്ടപ്പെടുത്തി ഒരു സമവിതരണം വരുത്തി ഇന്നു നാട്ടുമുറക്കുളിൽ ചെയ്യുവരുന്ന നയത്തിൽ ഒരു വ്യത്യാസം വരുത്തണമെന്ന്, ഞാൻ ശക്തിയായി വാദിയ്ക്കുന്നു.

മിസ്റ്റർ ഇ. പി. ഭാസ്കരമേനോൻ.— സർ, ഇന്നുകാലത്തു് വേറെവിധത്തിൽ രൂപീകരിച്ചിരുന്ന ഒരു ഉപക്ഷേപത്തെ എതിർത്തുകൊണ്ട് ഗ്രാമങ്ങൾക്കു കുറച്ചെങ്കിലും സംഖ്യ ചിലവിടണമെന്നും തല്ക്കാലം തലസ്ഥാനപട്ടണത്തിൽ അധികംസംഖ്യ ചിലവാക്കേണ്ടതില്ലെന്നും പറഞ്ഞതിനു് സകല ആളുകളും എന്റെ തലയിൽകയറി ശകാരിച്ചുവെന്നാണറിയുന്നതു്. എന്നാൽ ഈ ഉപക്ഷേപം ഇവിടെ വന്നപ്പോൾ എല്ലാവരും താങ്ങി സംസാരിയ്ക്കുകയും ചെയ്യുന്നുണ്ട്. ഇതു് കാലവൈപരീത്യമാണ്. ഇപ്പോൾ എല്ലാവരും ഇതിനോടു യോജിയ്ക്കുന്നതുകൊണ്ട് ഗ്രാമങ്ങൾക്കാവശ്യമായ യാതൊരു സംഖ്യയും സ്റ്റോറു ബഡ്ഡറിൽ ഇല്ലെന്നുള്ളതു് എല്ലാവർക്കും അറിയാമല്ലോ. ഇതാണ് നേരത്തെ ഇവിടെ പറഞ്ഞതും. അതിനു് ഇത്രത്തോളം തലയൊന്നും വീശാനുണ്ടായിരുന്നില്ല. ഏതായാലും ഇപ്പോഴെങ്കിലും അവർ അവരുടെ കണ്ണുതുറന്നു പ്രവൃത്തിയ്ക്കുമെന്നു ഞാൻ വിശ്വസിയ്ക്കുന്നു.

Mr. P. J. Alexander.— Sir, I support the principle involved in this motion namely that rural areas must be given a due proportion of the estimates that are made for conservancy as well as sanitation. Not that we wish the towns to fare the worse for it. But we wish the rural areas also to be kept in proper sanitary conditions. At present when the rural reconstruction problems seem to have attracted the attention in general of the whole public of India it is a pity that our rural improvements are in a very deplorable condition. What I request the Government is to be a little more charitable and make a more happy arrangement whereby a better distribution of funds or a greater proportion should be allotted for the rural works.

Dr. E. S. R. Menon.—Sir, I do not think I have got anything to say after the discussion in the morning. I regret my Hon'ble amiable friend was not present during the discussion that more money should be allotted to towns. I leave it to the good sense of the House to say whether more money should be allotted to rural areas or not.

Mr. P. J. Alexander.—That is not the point. We wish a little more to be allotted for rural works than at present.

Mr. T. A. Ramachandra Ayyar.—Sir, I do not quite follow the Hon'ble Member's observations.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. S. Narayana Ayyar.—The point is that having regard to our budgettary position it has not been found possible to allot more funds for the purpose. Of course, Government had no idea of neglecting rural sanitation. The matter will receive the attention of Government. Hon'ble Members are also aware of the grant of one lakh of rupees for rural reconstruction by His Highness the Maharaja.

Motion was, with leave, withdrawn.

Motion No. 66.

Mr. P. Raman Menon.—*To omit the allotment of Rs. 40,780 for Sanitation and Conservancy. (The whole of that work legitimately falls to the Public Works Department and can be more efficiently undertaken by that Department.)*

സർ, എന്റെ ഈ ഉപക്ഷേപത്തെ തീവ്രയായും ഭയാശങ്കകളോടുകൂടിയായിരിക്കും ബഹുമാന്യരായ അനുദ്യോഗസ്ഥ സാമാജികന്മാർ മനസ്സിലാക്കീട്ടുണ്ടായിരിയ്ക്കുകയെന്നു ഞാൻ വിചാരിയ്ക്കുന്നു. ആരോഗ്യവകുപ്പിന്റെ ആവിർഭാവത്തിൽ അതിനെ ഉയർത്തുവാൻവേണ്ടി ആഹ്ളാദമനസ്ഥിതിയോടുകൂടിതയ്യാറായിരുന്ന അനുദ്യോഗസ്ഥ സാമാജികന്മാക്ക് ആ വകുപ്പിന്റെപ്രവൃത്തികൾ കണ്ടതിനുശേഷം ആ മനസ്ഥിതിയും ആഹ്ളാദവും തോന്നുന്നുണ്ടോ എന്നു ചിന്തിച്ചാൽ കൊള്ളാമെന്നാണ് ഒന്നാമതായി എനിയ്ക്കു പറയുവാനുള്ളത്.

ഒരു ലക്ഷത്തി അറുപതി ഒൻപതിനായിരത്തിൽ ചിലചാനം രൂപിക കിട്ടിയാൽ കൊള്ളാമെന്ന് ആരോഗ്യവകുപ്പധ്യക്ഷൻ ആവശ്യപ്പെട്ടുന്നു. ആ സംഖ്യയിൽ എത്രമാത്രമാണ് പൊതുജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി വിനിയോഗിയ്ക്കുവാൻ പോകുന്നതെന്ന് ഈ അടങ്കൽ കണക്കുകൾ സൂക്ഷ്മമായി പരിശോധിച്ചാൽ ആർക്കും കാണാവുന്നതാണ്. ഞാൻ എന്റെ എളിയബുദ്ധിയ്ക്ക് എത്തിയിടത്തോളം പരിശോധിച്ചതിൽ ആ സംഖ്യ മുഴുവനും എന്നതന്നെ പറയാം; ആരോഗ്യവകുപ്പിനല്ല് ആ വകുപ്പിന്റെ ആരോഗ്യത്തെ സുസ്ഥിരമാക്കുവാൻ ചിലവാകുന്നതല്ലാതെ ഒട്ടുംതന്നെ പുറത്തേയ്ക്ക് പോകുന്നില്ലെന്നാണ് കാണ്മത്. ആരോഗ്യത്തെ അപൂർവ്വം ചില അനുഗ്രഹീതരുടെ ജന്മാവകാശമാക്കിവെക്കുന്നത് ആശാസ്യമല്ലാ. ആപൽകരമാകുന്നു.

ഞാൻ, എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം മാത്രം പരിശോധിച്ചതിൽ ചില പട്ടണപരിഷ്കരണങ്ങൾക്കുവേണ്ടിയുള്ള തുകകളല്ലാതെ ഗ്രാമീണരായ ജനങ്ങളുടെ സുഖസൌകര്യാദികളെ ഉദ്ദേശിച്ച് യാതൊരു തുകയും നീക്കിവച്ചിട്ടുള്ളതായി കണ്ടില്ല. ഒന്നാ

LIBRARY ARCHIVES Kerala Legislative Assembly

മതായി കൺസർവെൻസി, സാനിട്ടേഷൻ എന്നാ രണ്ടിനങ്ങൾക്കായി ർ൦വ്വൊ ഉറുപ്പിക നീക്കിവച്ചു കാണുന്നുണ്ട്. ആ സ്ഥിതിക്ക് ആ രണ്ടു കാര്യങ്ങളും പരിപുഷ്ടമായിരിക്കുമെന്നും ആ ഭാഗം അതിമനോഹരമായിരിക്കുമെന്നും ഉള്ള ആശയോടുകൂടി നീലക്കുപ്പായമിട്ട വിലസുന്ന ബഡ്ജറുപുസ്തകം ഞാനൊന്നു തുറന്നുനോക്കി. അതിന്റെ ശരിയായ വിവരങ്ങൾ അറിയണമെങ്കിൽ അനുബന്ധത്തിൽ നോക്കണമെന്നു ആ ദുർഭാഗത്ത് എഴുതിക്കണ്ടപ്പോൾ അത്യാർത്തിയോടുകൂടി ആ ഭാഗം മറിച്ചുനോക്കി. കൺസർവെൻസിയും സാനിട്ടേഷനും എന്ന വേഷത്തിൽ അവിടെ കണ്ടതു് "ടങ്കറോഡു നാലു്" എന്നാണ്. ആ ടങ്കുകളും ഞാൻ ഓരോന്നായി തുറന്നു നോക്കി. അതിൽ മട്ടാഞ്ചേരി ടങ്കറോഡിലേക്ക് ഇത്ര സംഖ്യ, എറണാകുളത്തേക്കു ഇത്ര സംഖ്യ, തൃശ്ശൂരേക്കു ഇത്ര സംഖ്യ, ചിറ്റൂരേക്കു ഇത്ര സംഖ്യ എന്നല്ലാതെ നാട്ടുമുറത്തെ സംബന്ധിച്ചുള്ള യാതൊന്നുംതന്നെ കണികാണാൻപോലുമില്ല. ആരോഗ്യത്തെ സംബന്ധിച്ചു —അതിന്റെ നവീനശാസ്ത്രസിദ്ധാന്തങ്ങളെക്കുറിച്ചു —വിവരമില്ലാത്തവർ ഉണ്ടെങ്കിൽ അതു് നാട്ടുമുറത്തുകാരാണ്. പട്ടണങ്ങളിലെ ജനങ്ങൾക്കു ആരോഗ്യത്തെക്കുറിച്ചു വേണ്ടിടത്തോളം ഉപദേശങ്ങൾ കൊടുക്കുവാൻ സന്നദ്ധതയും സൌകര്യവുമുള്ള പല സ്ഥാപനങ്ങളും, മുനിസിപ്പാലിറ്റികളും ഉദ്യോഗസ്ഥവൃന്ദങ്ങളും ഉണ്ടു്. അതുകൊണ്ടു് പ്രധാനമായി ആരോഗ്യത്തെ സംബന്ധിച്ചുള്ള ഉപദേശങ്ങൾ കൊടുക്കേണ്ടതു് വിദ്യാഭ്യാസമില്ലാത്തവരായ നാട്ടുമുറങ്ങളിലെ ജനങ്ങൾക്കാണു്. . എന്നാൽ അവരെ സ്പർശിക്കുന്ന യാതൊന്നും അവരുടെ ആരോഗ്യവർദ്ധനയ്ക്കുതകുന്ന ഒരു ചിലവുകളും ഇതിൽ കാണുന്നില്ല. അതുകൊണ്ടു ബഹുമാന്യരായ എന്റെ സ്നേഹിതന്മാർ ഈ ൧,൯൯,൦൦൦-ൽ ചിലപക്ഷം ഉറുപ്പിക ഏതുവിധത്തിലാണ് ആരോഗ്യവകുപ്പുകാർ പങ്കിട്ടെടുക്കുന്നതെന്നു് എന്നോടൊപ്പം ആ ബഡ്ജറിൽ കൂടിയൊന്നു സഞ്ചരിച്ചാൽകൊള്ളാമെന്നാപേക്ഷിക്കുന്നു. ഈ വലിയ സംഖ്യയിൽനിന്നു ഒരുവക ർ൦,വ്വൊ ക. യും, വേറൊരു വക ൫൯,൦൦൦ വും കൂടി ഉദ്ദേശം ഒരു ലക്ഷം ഉറുപ്പിക, ആ വകുപ്പിന്റെ അകത്തും പുറത്തുമായി പറഞ്ഞുകൂടീട്ടുള്ളവരുടെ ശമ്പളത്തിനായിട്ട മാത്രമാണ് നീക്കിവച്ചിരിക്കുന്നതു്! കൊച്ചിയിൽ ആരോഗ്യത്തെ സംബന്ധിച്ചു് യാതൊരു വിവരവുമില്ലാത്ത അജ്ഞരും ദരിദ്രരും ആയ പൊതുജനങ്ങളുടെ ആരോഗ്യം വർദ്ധിപ്പിക്കുവാൻവേണ്ടി ആരോഗ്യവകുപ്പിലെ വിജ്ഞന്മാരായ ഉദ്യോഗസ്ഥന്മാർ ൫൯,൦൦൦ ക. പങ്കിട്ടെടുത്താൽ മതിയോ? അതുകൊണ്ടു ആരുടെ ആരോഗ്യമാണു ശരിപ്പെടുന്നതു്? ആ വകുപ്പധ്യക്ഷന്റെ ശമ്പളത്തിന്റെ വലിപ്പമനുസരിച്ചിരിക്കും നാട്ടുകാരുടെ ആരോഗ്യാവസ്ഥയെന്നുള്ള ഒരു ധാരണ ഗവൺമെണ്ടിനുണ്ടായിരിക്കയില്ലെങ്കിലും കാട്ടുന്ന കഥയില്ലായ്മ കണ്ടാൽ അങ്ങിനെ ശങ്കിക്കുന്നതിൽ തെറ്റില്ല. ഒരു വകുപ്പിന്റെ പുഷ്ടിയും പ്രയോജനവും നില്ക്കുന്നതു് അതിലുള്ള ശമ്പ

LIBRARY ARCHIVES Kerala Legislative Assembly

ളക്കാരുടെ എണ്ണത്തിലും ആ മേഖലയിലെ തൊഴുത്തുകളുടെ വണ്ണത്തിലുമാണെങ്കിൽ ഇന്നത്തെ ആരോഗ്യവകുപ്പ് ആരാലും ആരാധ്യമായതുതന്നെയാകുന്നു. എന്നാൽ ഇതുകൊണ്ടു് ആരുടെ ആരോഗ്യമാണു പുഷ്ടിപ്പെടുന്നതെന്നു മനസ്സിലാകുന്നില്ല. (ചിരി.) കൊച്ചിയിലെ ജനവിഭാഗത്തിൽ ഏറ്റവും ചെറിയ ഒരു ന്യൂനപക്ഷത്തിനു മാത്രമേ ഇപ്പോൾ ഈ വകുപ്പിൽ ജോലിയുള്ളൂ. ഈ ഉദ്യോഗസ്ഥർക്ക് എല്ലാം ആരോഗ്യം വർദ്ധിച്ചു ദേഹം പുഷ്ടിവച്ചുവെന്നു കണ്ടാൽ, കുറെക്കാലം കഴിഞ്ഞു്, ഗവർമ്മെന്റിൽനിന്നും അവരെയൊക്കെ മാറ്റിട്ട് ആ സ്ഥാനത്തു വേറെ കുറെപ്പേരെ പിടിച്ചുവയ്ക്കുമോ? ഉണ്ടെങ്കിൽ ഒന്നരണ്ടു കൊല്ലം കൂടുമ്പോൾ ഈ വകുപ്പിലെ പഴയ ഉദ്യോഗസ്ഥന്മാരെ മാറ്റി പുതിയ ഉദ്യോഗസ്ഥന്മാരെ വയ്ക്കുന്ന നയം സ്വീകരിയ്ക്കുകയാണെങ്കിൽ തീർച്ചയായും കുറെക്കാലത്തിനുള്ളിൽ ഒട്ടേറെപ്പേർക്കെങ്കിലും പുഷ്ടിവരും. (ചിരി.) എന്നാൽ ഇപ്പോഴത്തെ സ്ഥിതിക്ക്, കൂട്ടിക്കളിവിടാത്തവർ വകുപ്പുദ്യോഗസ്ഥന്മാരായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള സ്ഥിതിക്ക് ഫ-ം നം-ം കൊല്ലംവരെ അവർ ഓരോരുത്തരും ഏതാതു ഉദ്യോഗത്തിലിരുന്ന് അവരുടെ വയറു വീർപ്പിക്കുന്നതുകണ്ടു നില്ക്കയല്ലാതെ വിശന്നു വലയുന്നവരെങ്കിലും പന്തലിൽ പ്രവേശമില്ലാത്ത സാധുജനങ്ങൾക്കു നിവൃത്തിയില്ല. ൻൻം,ooo ഉറുപ്പികയാണ് മേഖലയിലവിടെ മാത്രമായി നീക്കിവച്ചിരിയ്ക്കുന്നതു്. നാട്ടുമുറങ്ങളിൽ കുറെ തോട്ടികളെവച്ചു് അവർക്കു ശമ്പളം കൊടുത്തുവരുന്നതുമാത്രം ആരോഗ്യവകുപ്പിനു് ആവശ്യമായിട്ടുള്ള ഒരു ശമ്പളച്ചിലവാണെന്നു സമ്മതിയ്ക്കാതെ തരമില്ല. പക്ഷേ യഥാർത്ഥമായ ശുചീകരണവേലയും ആരോഗ്യവർദ്ധനകവേണ്ട അത്യാവശ്യകമ്മവും ചെയ്യുന്ന അവർക്കുകൊടുക്കുന്നതു് രണ്ടു ഉറുപ്പികയോ നാലുറുപ്പികയോ ആയിരിയ്ക്കുമെന്നേയുള്ളൂ.

കൂടാതെ ഹെൽത്തു വിസിറേഴ്സ് എന്നു പറയുന്ന ഒരു നൂതന സംഘക്കാർ സംജാതരായിട്ടുണ്ട്. അവർക്കു കൊടുക്കുന്ന സംഖ്യ ക്രമാതീതമായി വർദ്ധിയ്ക്കുകയാണു ചെയ്യുന്നതെന്നു കാണുന്നുമുണ്ട്. അവരുടെ ചുമതലയെപ്പറ്റി ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം ഈ രാജ്യത്തിൽ എവിടെയെങ്കിലും പ്രസവത്തിനു് അടുത്ത സ്ത്രീകളുണ്ടെങ്കിൽ "ഇന്നമാതിരി പ്രസവിയ്ക്കണം, ബേബികളെ ഇന്നപ്രകാരം വളർത്തണം" എന്നുപദേശിയ്ക്കുകയാണത്രേ. പ്രസവിച്ചു പരിചയിച്ചിട്ടില്ലാത്ത ആ വിസിറേഴ്സ് ഉപദേശിക്കുന്നതായാൽ ഗർഭിണികളായ ആ സ്ത്രീകൾ പറയും ഞങ്ങൾ പ്രസവിച്ചിട്ടുണ്ട്, കുട്ടികളെ നോക്കാനും ഞങ്ങൾക്കറിയാം, എന്നാൽ നിങ്ങൾ പറയുംപ്രകാരം ജീവിക്കാനും ശിശു ശിശ്രൂഷകൾ ചെയ്യാനും ഈ പട്ടിണിക്കാരായ ഞങ്ങൾക്കു യാതൊരു നിവൃത്തിയില്ലാതെ കുഴങ്ങുകയല്ലേ ചെയ്യുന്നതെന്ന്. എന്റെ മാന്യസുഹൃത്തന്മാരായ സാമാജികന്മാർ ഉൾനാടുകളിലേക്കു, കുന്നുകളും, നെൽവയലുകളുമുള്ള സ്ഥലങ്ങളിൽ വലിയ ഗംഭീരങ്ങളായ കെട്ടിടങ്ങൾ സർക്കാരിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും പുതിയതായി പണിയിക്കുന്നതു കണ്ടിട്ടുണ്ടായിരിക്കും. ഹെൽത്ത് വിസിറേറർസിനു ചെന്നിരുന്ന് അന്നാട്ടിലെ ഗർഭിണികളെ വിളിച്ചുവരുത്തി പ്രസവവും പ്രസവാനന്തരവും ഉപദേശിക്കുന്നതിനുള്ള രമ്യഹർമ്മ്യങ്ങളാണവ. ഹെൽത്ത് വിസിറേറഴ്സിന്റെ ഇടയിൽ ഹെൽത്തുണ്ടാകുവാനല്ലാതെ കഞ്ഞിക്കുകുടി കഴിവില്ലാത്ത നാട്ടുപുറങ്ങളിലെ ഹെൽത്തില്ലാത്ത ആളുകളുടെയിടയിൽ ഹെൽത്തുണ്ടാക്കുവാൻ അത് പ്രയോജനപ്പെടുമോ? നാട്ടുനടപടിയറിയാത്ത ഈ വിസിറേറഴ്സ് അവിടെ ചെന്നിരുന്നുകൊണ്ട് —അതൊട്ടും അവരുടെ കുറ്റമല്ലതാനും— പ്രസവത്തിനു കാലമായിട്ടുള്ള സാധു സ്ത്രീകളെ— കുറെ ദേഷ്യപ്പെട്ടുവരുണ്ടോ അങ്ങു ചെല്ലുന്നു— വിളിച്ചുവരുത്തി അവൾക്കു നിർമ്മലങ്ങളായ നിർദ്ദേശങ്ങൾ കൊടുക്കുന്നു:- ബേബിക്കു ഗ്രേപ്പ് വാട്ടർകൊടുക്കണം, വെള്ളംകുട്ടിത്തിളപ്പിച്ച പാലുകൊടുക്കണം, ചോക്കലേറുകൊടുക്കണം, അതുകൊടുക്കണം, ഇതുകൊടുക്കണം, മാതാക്കൾ ഇന്നിന്ന ഭക്ഷണം കഴിക്കണം. എവിടെന്ന്, എങ്ങിനെ? എന്ന ചോദ്യത്തിനു ഉത്തരമെവിടെ? അഥവാ അതെന്തിനു ചോദിക്കണം, എന്തിനുത്തരം പറയണം. ബഡ്ഡുറിൽ ഒരിടത്ത് ഒരു ആയിരം ഉറുപ്പിക ധർമ്മമായിട്ട പാലുകൊടുക്കുവാൻവേണ്ടി എന്നു കാണിച്ചു നീക്കിവച്ചിരിയ്ക്കുന്നു! ആക്കാണു ഈ പാലു കൂടിക്കുവാൻ ഭാഗ്യമുണ്ടാകുക എന്ന സംഗതി ഉദ്യോഗസ്ഥന്മാരുടെ അന്നത്തെ മുട്ടം തട്ടംപോലെയിരിക്കുമെന്നോ പറയാൻ തോന്നുള്ളൂ. വേറെ ഒരിനം ഉള്ളതു പെട്രോളിനു ആയിരം ഉറുപ്പികയാണ്. പെട്രോൾ ആരോഗ്യത്തിനു അത്യാവശ്യമാണെന്നറിഞ്ഞതു ഇപ്പോൾ മാത്രമാണ്. ഇങ്ങിനെ ഫ,൭൭,൦൦൦ ഉറുപ്പികയാണ് അങ്ങിനെയിങ്ങിനെ ചിലവിനു നീക്കിവച്ചിട്ടുള്ളതു. എന്നാൽ അതിൽ ൨ഫ,൦൦൦ ഉറുപ്പിക വൈസ്രോയി സ്മാരകമായോ മറേറാ പ്രത്യേകം ഉൾപ്പെടുത്തിവച്ചിട്ടുണ്ട്. അതു ചരിഞ്ഞുകിടക്കുന്ന ഇനങ്ങളിൽ ഒന്നായതുകൊണ്ടും അതിനെ നിവർത്തി നിർത്തുവാനുള്ള ആരോഗ്യം ഞങ്ങൾക്കില്ലാത്തതുകൊണ്ടും അതവിടെ കിടന്നുകൊള്ളട്ടെ എന്നുവയ്ക്കുവാനല്ലാതെ എനിയ്ക്ക് നിവർന്നുനില്ക്കുവാൻ ശേഷിയില്ലെന്നു പറഞ്ഞു ചെരിഞ്ഞുകിടക്കുന്ന ഒരാളെ ഞാൻ ചെന്ന് നിവർത്തി നിറുത്താൻ ഭാവിയ്ക്കയാണെങ്കിൽ ഞങ്ങൾ രണ്ടാളുകളുംകൂടി മറിഞ്ഞു വീഴുകയേ ഉള്ളൂ. അതിനൊരുങ്ങുന്നില്ല. ബാക്കി ഫർ,൦൦൦ ഉറുപ്പികയുണ്ട്. ഇതിൽനിന്നു വിളക്കുവയ്ക്കുവാനുവേണ്ടി ആറായിരം ഉറുപ്പിക പോകണം. വെളിച്ചം വേണ്ടതുതന്നെയാണ്. അത് അകത്തും പുറത്തും വേണ്ടതാണ്. അതില്ലായ്കയാണു ഇന്നാട്ടിലെ കേട്ട മുഴുവൻതന്നെ. അതുകൊണ്ടു അതു നമുക്കു ആരോഗ്യപ്രദംതന്നെയാണ്. ബാക്കിയുള്ളതിൽ ൫൦൦൦ ഉറുപ്പിക കുത്തിവയ്ക്കുവാൻവേണ്ടി വിനിയോഗിയ്ക്കുന്നു. അതു ചാകാതിരിയ്ക്കുവാൻ വേണ്ടിയുള്ള കുത്തിവയ്ക്കലോ, കുത്തിവച്ചിട്ടുള്ള ചാകലോ എന്തുതന്നെയെങ്കിലുമാകട്ടെ. പിന്നെ ദീനംവരാതിരിയ്ക്കുവാൻവേണ്ടി ൨൦൦൦ ഉറുപ്പികയും, മലമ്പനി

LIBRARY ARCHIVES Kerala Legislative Assembly

വരരുതെന്നു പറയുവാൻ വാസ്തവത്തിൽ ഉദ്ദേശിക്കയും കണക്കിൽ കൊള്ളിച്ചിട്ടുണ്ട്. രണ്ടായിരം രൂ. ചിലവു ചെയ്താൽ—അതുകൊണ്ടു രൊക്കം കൊടുക്കുകയായിരിക്കുമോ— ദീനമൊന്നും ഇങ്ങോട്ടു പ്രവേശിക്കില്ല; മലമ്പനി മലയിൽനിന്നു ഇറങ്ങുകയുമില്ല. നല്ല അനുസരണമുള്ളവർ. പിന്നെ ഈ വകുപ്പിന്നിത്ര ചിലവെന്തിന്? സാർ! ഇതൊന്നും ആരോഗ്യപ്രദമല്ല; രാഷ്ട്രത്തിന്റെ അനാരോഗ്യത്തെയാണു നമുക്കു കാട്ടിത്തരുന്നതു്. ഈ വമ്പിച്ച ധനാഭ്യർത്ഥനയിൽ വളരെ തുച്ഛമായ ഒരംശംമാത്രമെ യഥാർത്ഥമായ ആരോഗ്യവർദ്ധനവിന്നായും, ശുചിത്വത്തിന്റെ സമൃദ്ധിക്കായും ഉപയോഗപ്പെടുന്നുള്ളൂ. മറ്റതൊക്കെ വ്യർത്ഥമാണ്, ദുർവ്യയമാണ്. ഈ വക സംഗതികൾ ബഹുമാന്യന്മാരായ അനുദ്യോഗസ്ഥ സാമാജികന്മാരുടെ ദൃഷ്ടിയിൽപെടുത്തുവാൻവേണ്ടി ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയതാണ്. വിഷയത്തിന്റെ വിപുലതയാലും സമയത്തിന്റെ ചുരുക്കത്താലും വേണ്ടതു മുഴുവനും വേണ്ടതുപോലെയോ പറഞ്ഞിട്ടില്ല. അതിന്നു മേലിലും അവസരമുണ്ടാകുമെന്നു വിശ്വസിച്ചു വിരമിക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.— ഈ കട്ടമോഷനെ സംബന്ധിച്ചു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സംഗതികളിൽ ഒന്ന് എനിയ്ക്കു മനസ്സിലായില്ല. അദ്ദേഹം ഹെൽത്തു ഡിപ്പാർട്ടുമെന്റിൽ നിന്നും നടത്തുന്ന ആരോഗ്യസംബന്ധമായ പ്രചരണവേലകളെ എതിർത്താണു പ്രസ്താവിച്ചിട്ടുള്ളതെങ്കിൽ എനിയ്ക്ക് ഈ കട്ടമോഷനെ എതിർക്കാതെ നിവൃത്തിയില്ല.

മിസ്റ്റർ പി. രാമൻമേനോൻ:— ആ അർത്ഥത്തിലല്ലാ പറഞ്ഞതു്.

മിസ്റ്റർ കെ. അയ്യപ്പൻ— പ്രചരണവേലയാണ് ഹെൽത്തു ഡിപ്പാർട്ടുമെന്റിലെ പ്രധാന വേലി. അതിന്നുള്ള ചിലവു ന്യായമായിട്ടു ചെയ്യുന്ന ചിലവാണ്. എന്നാൽ ഇതിന്നുള്ള ആളുകൾ എല്ലാ സ്ഥലങ്ങളിലുംപോയി പ്രചരണവേല ചെയ്യുന്നുണ്ടോ എന്ന് എനിയ്ക്കു നിശ്ചയമില്ല. അവർ ചെയ്യുന്ന വേല ഉപയോഗിയാകുന്നില്ലെന്നോ ഭംഗിയാകുന്നില്ലെന്നോ ആണ് ആ മെമ്പർ ഇടയ്ക്കു പറയുന്നതെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു ഞാനും യോജിയ്ക്കുന്നു. അതല്ല ധാരാളം ആളുകളെ വച്ചു പ്രചരണവേല ചെയ്യിക്കേണ്ട ആവശ്യമില്ലെന്നാണെങ്കിൽ ഞാൻ അതിനെ എതിർക്കുകയും ചെയ്യുന്നു. ഹെൽത്തു ഡിപ്പാർട്ടുമെന്റിൽനിന്നും പ്രചരണവേല ഭംഗിയായി ചെയ്യേണ്ടതാണെന്നാണ് എനിയ്ക്കു പറയുവാനുള്ളതു്.

Mr. T. S. Balarama Ayyar.—On a point of information, Sir, was the maintenance of the Trunk roads transferred to the Public Health Department without the full approval of the Municipalities concerned?

LIBRARY ARCHIVES Kerala Legislative Assembly

Mr. P. V. Subramania Ayyar.— They are only contributing to the sanitary requirements. The work is being done by the Municipalities themselves.

മിസ്റ്റർ ഇ. വി. ഭാസ്കരമേനോൻ.— എനിയ്ക്ക മുമ്പ് ഇവിടെ ഒരു മെമ്പർ പറഞ്ഞതുപോലെ ഇടയ്ക്ക് ഈ ഉപക്ഷേപത്തോട് യോജിയ്ക്കുവാനും സൌകര്യംപോലെ എതിക്കുവാനും ഞാൻ തയ്യാറില്ല. ഇതിനെക്കുറിച്ച രണ്ടുവാക്ക പറയാം. ഹെൽത്തുഡിപ്പാർട്ടുമെൻറു നമുക്ക് ഏറവും അത്യാവശ്യമായിട്ടുള്ള ഒരു സ്ഥാപനമാണ്. അതിനെക്കുറിച്ചു യാതൊരാക്ഷേപമില്ല. ആ ഡിപ്പാർട്ടുമെൻറിൽനിന്നും എത്രതന്നെ വേലകൾ ചെയ്താലും പോര, പോര എന്നപറയുവാനാണ് മനുഷ്യക്ക് ആസക്തിയുണ്ടാകുക. ആരോഗ്യത്തെപ്പററി പറയുകയാണെങ്കിൽ ഒരാൾക്കു ഇത്ര ആരോഗ്യമേ ഉണ്ടാകുവാൻ പാടുള്ളുവെന്ന് ആക്കെങ്കിലും പറയുവാൻ സാധിയ്ക്കുമോ? എത്ര തടിച്ചു കൊഴുത്ത ആളായാലും അമ്മ എന്തു പറയും? അയ്യോ! ഇവൻ വല്ലാതെ ചടച്ചല്ലൊ എന്നതന്നെ. അത് മനുഷ്യസ്വഭാവമാണ്. അതുകൊണ്ട ഇതിനെല്ലാം ചില നീക്കുപോക്കുകളുണ്ട്. അതിൽ ആക്ഷം പരിഭവിയ്ക്കുവാനില്ല. അതുപോലെ മുളങ്കുന്നത്തുകാവു മെമ്പർ ഈ കാര്യം പറഞ്ഞുവെന്നേയുള്ളൂ. കഴിയുന്നതും ആരോഗ്യത്തെ നിലനിറുത്തിക്കൊണ്ടുപോകുവാൻ ശ്രമിയ്ക്കണം. അതുകൊണ്ട ഞാൻ തീർച്ചയാക്കിയതു മുളങ്കുന്നത്തുകാവു മെമ്പറോട് യോജിയ്ക്കുണമെന്നാണ്.

Dr. E. S. R. Menon.— Mr. President, Sir, the object of the cut motion is put down here "the whole of that work legitimately falls to the Public Works Department and can be more efficiently undertaken by that department". I did not hear anything from the Hon'ble Member for Mulankunnathukavu with regard to the cut motion and so I have nothing to say as regards the motion tabled here.

Mr. P. Raman Menon.—Sir, in the amount allotted for conservancy and sanitation in the Health Department I see several big amounts. A major portion of that work, for which those amounts are intended is, as a matter of fact, done by the Municipalities. I see no reason why these amounts should be clubbed on to this department only to swell its allotment. Really speaking, Sir, I fail to see why this amount for the maintenance of Trunk Roads for example should fall in the category of the Health Department. Therefore it was that I said that these are things which are properly done by other departments and should be left to them, so that there may be a deficiency of the grant in this department to that extent. If that was done it would have been a saving of one lakh. That was my idea. Perhaps, this artificial augmenting of this departmental allotment is meant to justify the high pay that its

LIBRARY ARCHIVES Kerala Legislative Assembly

head is allowed. It is only a matter of adjustment and it does not affect the department at all, it may be said. But why these transfers? I have nothing more to say. Having tried to bring home to the Government the point of the cut motion I beg leave of the House to withdraw the same.

Motion was, with leave, withdrawn.

Motion No. 67.

Mr. M. Sivarama Menon.—*To reduce the allotment of Rs. 16,570 for improvements to markets by Re. 1. (To bring to the notice of the Government the desirability of repealing Regulation I of 1110).*

